# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.3/1793/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/12/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.3/1793/2025 തീയ്യതി: 02/12/2025

# തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2025 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 18-08-2025 | 27-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-08-2025 | 27-08-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ബാബു ബി.എസ്., സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജു എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി എസ്.ആർ, സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈലജകുമാരി ബി. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. അപ്പരകുമാർ വി.കെ. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. അപ്സരകുമാർ വി.കെ. | സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രീത | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. സവിത | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2024 | 31-03-2025 |
| ഡോ. കുമാരി ലൈല | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-05-2024 |
| ഡോ. നൂജ കരുണേഷ് | അഡീഷണൽ ചാർജ്ജ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-06-2024 | 19-07-2024 |
| ഡോ. സുഗത | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 20-07-2024 | 31-03-2025 |
| ഡോ. രവികുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. ദിലീപ് കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 01-07-2024 |
| ഡോ. സുനിൽ വിൽസൻ | സീനിയർ വെറ്ററിനറി സർജൻ | 03-07-2024 | 20-07-2024 |
| ഡോ. ശാന്തി വി.ജി. | സീനിയർ വെറ്ററിനറി സർജൻ | 21-07-2024 | 31-03-2025 |
| ശ്രീ. സിജു | വി.ഇ.ഒ. (വെസ്റ്റ്) | 01-04-2024 | 31-03-2025 |
| ശ്രീ. വിജീഷ് കുമാർ | വി.ഇ.ഒ. (ഈസ്റ്റ്) | 01-04-2024 | 31-03-2025 |
| ശ്രീമതി ജിനി ചന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 02-08-2024 |
| ശ്രീമതി സവിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-08-2024 | 31-03-2025 |
| ശ്രീമതി ശിവാംബിക | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. സിംഗ് റസ്സൽ | അസി. എഞ്ചിനീയർ | 01-04-2024 | 04-09-2024 |
| ശ്രീമതി സന്ധ്യ | അസി. എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 05-09-2024 | 13-09-2024 |
| ശ്രീ. സൂരജ് | അസി. എഞ്ചിനീയർ | 14-09-2024 | 31-03-2025 |
| ശ്രീമതി സോണിരാജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 16-12-2024 |
| ശ്രീമതി ദീപ ജി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 17-12-2024 | 19-01-2025 |
| ശ്രീമതി ഷിമി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 20-01-2025 | 31-03-2025 |
| ശ്രീമതി പ്രേമ ആർ. | അസി. സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ജെന്നിഫർ ജെ.സി. സെയ്ന | ഹെഡ്മിസ്ട്രസ്, ഗവ. L.P.S. കാഞ്ഞിരംകുളം | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | തനത് ഫണ്ട് വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല | 1-1-2 |
| 4 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-3 |
| 5 | പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-5 |
| 7 | ഓഫീസ് വാഹനത്തിനു നൽകിയിട്ടുള്ള അക്യൂമിലേറ്റഡ് ഡിപ്രീസിയേഷൻ ആസ്തിയെ അധികരിക്കുന്നു . | 1-1-6 |
| 8 | രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല | 1-1-7 |
| 9 | ബാലൻസ് ഷീറ്റ് B-4 ബാധ്യതാ ഹെഡിലെ തുകയും B-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | അക്കൗണ്ടുകളിലെ നീക്കിയിരിപ്പും, ബാങ്ക് അക്കൗണ്ട് നമ്പറും AFS മായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ബാങ്ക് ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ നൽകിയിട്ടില്ല. | 1-1-10 |
| 12 | രസീതു പ്രകാരം ലഭ്യമായ ചെക്ക് തുകകൾ നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല. | 1-1-11 |
| 13 | സി.എഫ്.സി ഗ്രാന്റ് ചെലവു തുകകൾ സംബന്ധിച്ച സുലേഖ സ്റ്റേറ്റ്മെന്റ് AFS-ുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ബഡ്ജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (Receipt & Payment പ്രകാരം) | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് വെരിഫിക്കേഷൻ. | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | വർക്ക് ഷെഡ് നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ല. | 1-9-1 |
| 22 | അറപ്പുര മേക്കതിൽ മലിനംകുളം കാട്ടുപ്ലാവുനിന്ന നടപ്പാത ഇന്റർലോക്ക് - അപാകങ്ങൾ | 1-9-2 |
| 23 | തൊഴിലുറപ്പു പദ്ധതി | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | ഭരണസമിതി തീരുമാനങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ സെക്രട്ടറി ചട്ടങ്ങൾ പാലിക്കുന്നില്ല. | 1-11 |
| 26 | ഭരണസമിതി തീരുമാനങ്ങളുടെ തുടർനടപടി വിവരം ലഭ്യമാക്കിയില്ല. | 1-12 |
| 27 | സ്വകാര്യ വ്യക്തികളുടെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. | 1-13 |
| 28 | വസ്തുനികുതി - പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല | 1-14-1 |
| 29 | വസ്തുനികുതി ചുമത്തൽ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 30 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകങ്ങൾ. | 1-15 |
| 31 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-16 |
| 32 | റിജെക്ട് പ്ലാസ്റ്റിക് പാഴ് വസ്തുക്കളുടെ കൈമാറ്റം - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-17 |
| 33 | ബഡ്സ് പുനരധിവാസകേന്ദ്രത്തിലെ ടീച്ചർ, ആയ എന്നിവർക്ക് സർക്കർ നിശ്ചയിച്ച ഹോണറേറിയം നൽകുന്നില്ല. | 1-18-1 |
| 34 | ബഡ്സ് സ്കൂൾ അവലോകനം | 1-18 |

| | | |
|---|---|---|
| 35 | വൃദ്ധർക്ക് കട്ടിൽ-പർച്ചേഴ്സ് കമ്മിറ്റി സമയബന്ധിതമായി അംഗീകാരം നൽകാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല | 1-19 |
| 36 | അങ്കണവാടികളുടെ പ്രവർത്തന അവലോകനം. | 1-20 |
| 37 | ലൈബ്രറി സെസ് ഇനത്തിലെ തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല | 1-21 |
| 38 | ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ് | 1-22 |
| 39 | അതിദരിദ്രർക്ക് ഭക്ഷണം നൽകൽ - പദ്ധതി സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയില്ല. | 1-23 |
| 40 | നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ഔഷധിയിൽ നിന്ന് മരുന്നുകൾ വാങ്ങി. | 1-24 |
| 41 | വൗച്ചറുകൾ - ചെലവു രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 42 | ഹെൽത്ത് ഗ്രാന്റ് - അവലോകനം. | 1-26 |
| 43 | തെരുവ് വിളക്ക് പരിപാലനം - അപാകങ്ങൾ | 1-27 |
| 44 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 7,76,820/- രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 45 | ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല | 1-29 |
| 46 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-30 |
| 47 | ഇ ടെണ്ടർ ഫീ അക്കൗണ്ട് പരിപാലിക്കുന്നില്ല | 1-31 |
| 48 | സബ്സിഡി മാർഗ്ഗനിർദ്ദേശം പാലിച്ചില്ല / ചെലവ് രേഖകൾ ഹാജരാക്കിയില്ല - 11,34,299/- രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 49 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 4,24,631/- രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 50 | ഘടകസ്ഥാപനങ്ങളുടെ ചെലവുകൾ - അപാകത | 1-34 |
| 51 | കണ്ടിജൻസി ചെലവുകൾ - അപാകത - 45,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 52 | മരാമത്ത് പ്രവൃത്തി - Info Board-കൾ സ്ഥാപിച്ചിട്ടില്ല - 7,321/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മരാമത്ത് പ്രവൃത്തി - Info Board-കൾ സ്ഥാപിച്ചിട്ടില്ല - 7,321/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. | 4-1 |
| 2 | സംയുക്ത പ്രോജക്ട് -ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **കാഞ്ഞിരംകുളം** ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 03.06.2025 തീയതിയിലെ 5/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 02.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കാഞ്ഞിരംകുളം** ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-2 തനത് ഫണ്ട് വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

തൻവർഷത്തെ പ്രവർത്തന ഫലം (പഞ്ചായത്ത് ഫണ്ട്) നിർണയിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 23 തിയതി 23/08/25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-3 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

## 1-1-4 പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2025 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | തിയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31/03/2025 |
| 110100102 | Property Tax On Non Residential Building | 31/03/2025 |
| 110200101 | Profession Tax Institution | 31/03/2025 |

## 1-1-6 ഓഫീസ് വാഹനത്തിനു നൽകിയിട്ടുളള അക്യുമിലേറ്റഡ് ഡിപ്രീസിയേഷൻ ആസ്തിയെ അധികരിക്കുന്നു .

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം ഓഫീസ് വാഹനത്തിന് നൽകിയിട്ടുള്ള ആസ്തി മൂല്യം 18,09,110/- രൂപയാണ്. എന്നാൽ വാഹനത്തിന് ഡിപ്രീസിയേഷൻ 62,29,647/- രൂപയാണ് നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23 തിയതി 23/08/25) മറുപടി ലഭ്യമാക്കിയില്ല.

| ഇനം | ആസ്തി മൂല്യം | ഡിപ്രീസിയേഷൻ |
|---|---|---|
| Vehicle For Office Use | ₹18,09,110/- | ₹62,29,647/- |

## 1-1-7 രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ, ഇ.എം.ഡി രജിസ്റ്റർ മുതലായവ പരിപാലിച്ചിട്ടില്ല. ലോൺ രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും ലോൺ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ പരിപാലിക്കേണ്ടതും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്

## 1-1-8 ബാലൻസ് ഷീറ്റ് B-4 ബാധ്യതാ ഹെഡിലെ തുകയും B-17 പ്രകാരമുളള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 പ്രകാരം നീക്കിയിരിപ്പ് | B-17 & ബാങ്ക് സ്റ്റേറ്റ്മന്റ് എന്നിവ പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം (ബാങ്ക് അക്കൗണ്ടിൽ കുറവായ തുക) |
|---|---|---|---|
| CFC ഗ്രാന്റ് | 53,21,164 | 53,28,072 | 6,908 |
| Health Grant – Diagonostic & Infrastructure | 4,98,080 | 4,07,870 | 90,210 |
| Health Grant – Conversion PHCs & Subcentres In To Health & Wellness Centres | 5,40,200 | 5,28,696 | 11,504 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം :23 തിയതി:23/08/2025) മറുപടി ലഭ്യമാക്കിയില്ല.

## 1-1-9 അക്കൗണ്ടുകളിലെ നീക്കിയിരിപ്പും, ബാങ്ക് അക്കൗണ്ട് നമ്പറും AFS മായി പൊരുത്തപ്പെടുന്നില്ല.

ചുവടെ സൂചിപ്പിക്കുന്നബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പും, ബാങ്ക് അക്കൗണ്ട് നമ്പറും AFS മായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ഇനം | ബാങ്ക് സ്റ്റേറ്റ്മന്റ് പ്രകാരം | | AFS പ്രകാരം | |
|---|---|---|---|---|
| | അക്കൗണ്ട് നം | നീക്കിയിരിപ്പ് (₹) | അക്കൗണ്ട് നം | നീക്കിയിരിപ്പ് (₹) |
| DCB Literacy | 104112804000072 | 27,476 | 020161201200007 | 26,973 |
| DCB Own Fund | 104112804000019 | 23,838 | 20161201200001 | 23,402 |

## 1-1-10 ബാങ്ക് ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ നൽകിയിട്ടില്ല.

പഞ്ചായത്തിൽ നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടിലെയും വിവരങ്ങൾ പ്രതിമാസം ബാങ്ക് സ്റ്റേറ്റ്മന്റും ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. (റിക്കൺസിലിയേഷൻ ) ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു
1) ദുരിതാശ്വാസ നിധി അക്കൗണ്ടിലെ (Ac/No 12140100247923) വരവ് ചെലവു വിവരങ്ങൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | AFS | ബാങ്ക് സ്റ്റേറ്റ്മന്റ് |
|---|---|---|
| 01/04/2024 ലെ മുന്നിരിപ്പ് | 1,821/- | 1,982/- |
| വരവ് | 0 | 60 |
| നീക്കിയിരിപ്പ് | 1,821/- | 2,042/- രൂപ |

2) SBI ലൈഫ് അക്കൗണ്ട് (40913910540) പ്രതിമാസ റിക്കൺസിലിയേഷൻ ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു. 08/10/2024 ലെ വരവ് തുക 7,42,696/- രൂപ ബാങ്ക് ബുക്കിൽ 31/03/2025 നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 12/2024 മുതൽ 02/2025 വരെ ബാങ്ക് ബുക്ക് ക്രഡിറ്റ് ബാലൻസായി കാണുന്നു.

8) ജനറൽ പർപ്പസ് ഫണ്ട് ട്രഷറി അക്കൗണ്ടിൽ 10 അലോട്ട്മെന്റായി ലഭ്യമായ തുകകൾ ട്രഷറി അക്കൗണ്ടിൽ ബാങ്ക് ബുക്കിൽ പ്രതിമാസം വരവായി ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ അലോട്ട്മെന്റ് തുകയും 31/03/2025 നാണ് വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്. ചെലവു മാത്രം രേഖപ്പെടുത്തി പേയ്മെന്റ് ചെയ്തതിനാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ക്രഡിറ്റ് ബാലൻസായി പ്രതിഫലിക്കുന്നു.
ഇതുസംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 തിയതി 21/08/20025) വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 57 പ്രകാരം ഓരോ മാസത്തെയും ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുകൾ ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പത്രിക അടുത്തമാസം 5-ാം തീയതിക്കകം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തുന്നതിന് അക്കൗണ്ടന്റും സെക്രട്ടറിയും യാതൊരു നടപടിയും സ്വീകരിക്കാത്തത് ഗുരുതര വീഴ്ചയാണ്. ആയതിനാൽ എല്ലാ ബാങ്ക് അക്കൗണ്ടിലും ആവശ്യമായ രേഖപ്പെടുത്തൽ നൽകി പ്രതിമാസ റിക്കൺസിലിയേഷൻ ചെയ്യേണ്ടതാണ്.

## 1-1-11 രസീതു പ്രകാരം ലഭ്യമായ ചെക്ക് തുകകൾ നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല.

SBI തനത് ഫണ്ട് (33739934186) അക്കൗണ്ട് റിക്കൺസിലിയേഷൻ (3/2025 ) സ്റ്റേറ്റ്മെന്റ് പ്രകാരം, രസീതു പ്രകാരം ലഭ്യമായ താഴെപ്പറയുന്ന ചെക്കുകൾ നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല.

| രസീത് നമ്പർ | തിയതി | തുക |
|---|---|---|
| 1240100248 | 22/4/2025 | 3,258 |
| 1240100355 | 2/05/2024 | 10,000 |

പ്രസ്തുത തുകകൾ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? തുക ഈടാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 തിയതി 21/08/2025) മറുപടി ലഭ്യമാക്കിയില്ല. തുകകൾ ഈടാക്കിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-12 സി.എഫ്.സി ഗ്രാന്റ് ചെലവു തുകകൾ സംബന്ധിച്ച സുലേഖ സ്റ്റേറ്റ്മെന്റ് AFS-ുമായി പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റിനം | സുലേഖ പത്രിക പ്രകാരം ചെലവ് | AFS പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| CFC Tied | 16,33,665 | 16,07,848 | 25,817 |
| CFC Untied | 25,34,460 | 26,17,608 | 83,148 |
| ആകെ | 41,68,125 | 42,25,456 | 57,331 |

E-Gram Swaraj ലെ പേയ്മെന്റ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 138 വൗച്ചറുകളിലായി 40,34,737/- രൂപയുടെ പേയ്മെന്റാണ് അംഗീകരിച്ചിട്ടുള്ളതും പേയ്മെന്റ് ചെയ്തിട്ടുള്ളതും. എന്നാൽ സുലേഖ പ്രകാരം 41,68,125/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം 1,33,388/- രൂപ കൂടുതൽ ചെലവു വന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23 തിയതി 23/08/2025) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബഡ്ജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| അംഗീകരിച്ച തീയതി | 09/02/2024 | 14/03/2025 |
| ഭരണസമിതി തീരുമാനം | 1/1 | 2/1 |
| മുന്നിരിപ്പ് | 41,64,580 | 41,64,580 |
| പ്രതീക്ഷിത വരവ് | 29,50,66,000 | 30,44,43,553 |
| ആകെ | 29,92,30,580 | 30,86,08,133 |
| പ്രതീക്ഷിത ചെലവ് | 29,66,36,950 | 30,66,62,832 |
| നീക്കിയിരിപ്പ് | 25,93,630 | 19,45,301 |

## 1-3 സാമ്പത്തിക വിശകലനം (Receipt & Payment പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,18,23,974/- |
| വരവ് | 4,45,44,328/- |
| ആകെ | 6,63,68,302/- |
| ചെലവ് | 426,38,593/- |
| നീക്കിയിരിപ്പ് | 2,37,29,709/- |

Receipt & Payment പത്രികയിൽ സംസ്ഥാന സർക്കാർ ഗ്രാന്റുകൾ, ക്ഷേമ പെൻഷനുകൾ, എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവ്, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം തുടങ്ങിയവ

ഉൾപ്പെട്ടിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ്

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 97,41,465 | 97,41,465 | 1,32,60,000 | (-35,18,535) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 59,91,910 | 59,91,910 | 58,59,068 | 1,32,842 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 55,95,665 | 55,95,665 | 16,33,665 | 39,62,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 23,64,807 | 23,64,807 | 25,34,460 | (-1,69,653) |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1,09,50,000 | 1,09,50,000 | 97,69,482 | 11,80,518 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 1,14,58,000 | 1,14,58,000 | 1,14,57,606 | 394 |
| CSS | 0 | 0 | 0 | 22,99,502 | (-22,99,502) |
| Sss | 0 | 0 | 0 | 18,50,000 | (-18,50,000) |

1) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്താതെയും ചെലവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) സി.എഫ്.സി ഗ്രാന്റ് 2023-24 ലെ നീക്കിയിരിപ്പ് തുക തൻവർഷം ഓപ്പണിംഗ് ബാലൻസായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ സ്റ്റേറ്റ് ഷെയർ, സെൻട്രൽ ഷെയർ എന്നിവ വരവിൽ ഉൾപ്പെടുത്താതെയും ചെലവിൽ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ളത്.

**1-4-1**

സർക്കാർ ഉത്തരവുകളെ ആധാരമാക്കി വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള വരവു ചെലവു വിവരവും ധനകാര്യ കമ്മിഷൻ ഗ്രാന്റ് മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവു ചെലവു വിവരവും ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (സർക്കാർ ഉത്തരവുകൾ പ്രകാരം) | ആകെ | ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | ചെലവ് % |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,32,60,000 | 1,32,60,000 | 1,32,60,000 | 100% |
| വികസനഫണ്ട് (എസ്.സി.പി) | 0 | 62,49,000 | 62,49,000 | 58,59,068 | 93.76% |

## 1-5 പദ്ധതി അവലോകനം

2024-25 വർഷത്തെ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ആകെ പദ്ധതി അടങ്കൽ (വായ്പ / ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 0 | 9,88,375 | 9,18,375 | 92.91% |
| 2 | വെറ്ററിനറി സർജൻ | 7 | 6 | 1 | 17,82,600 | 15,45,926 | 86.72% |
| 3 | മെഡിക്കൽ ഓഫീസർ . പി.എച്ച്.സി. | 11 | 10 | 1 | 39,51,881 | 28,81,831 | 72.92% |
| 4 | മെഡിക്കൽ ഓഫീസർ .. ഹോമിയോ | 4 | 4 | 0 | 3,94,440 | 3,94,440 | 100% |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | 9 | 9 | 0 | 22,40,892 | 22,25,312 | 99.30% |
| 6 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 1 | 40,000 | 0 | **0%** |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 8 | 4 | 76,44,662 | 58,32,629 | 76.29% |
| 8 | സെക്രട്ടറി | 30 | 26 | 4 | 72,55,470 | 68,36,815 | 94.22% |
| 9 | വി.ഇ.ഒ./എൽ.വി.ഇ.ഒ. | 15 | 12 | 3 | 1,36,06,129 | 61,18,614 | 44.96% |
| 10 | വി.ഇ.ഒ | 17 | 13 | 4 | 32,99,095 | 23,86,320 | 72.33% |
| 11 | ഹെഡ്മാസ്റ്റർ | 13 | 13 | 0 | 41,57,521 | 36,46,475 | 87.70% |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 57 | 23 | 2,80,41,210 | 1,68,86,517 | 60.22% |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 24,00,000 | 11,76,855 | 49% |
| 11 | അസി.സെക്രട്ടറി | 9 | 6 | 3 | 18,99,606 | 5,40,129 | 28.43 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 67,00,800 | 411 |
| 2 | വിധവ പെൻഷൻ | 90,88,600 | 647 |
| 3 | വാർദ്ധക്യകാല പെൻഷൻ | 1,95,07,800 | 1459 |
| 4 | വികലാംഗ പെൻഷൻ | 50,87,300 | 331 |
| 5 | 50 വയസ്സിന്മേൽ പ്രായമുള്ള അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,15,200 | 31 |
| 6 | വിവാഹ ധനസഹായം | 2,10,000 | 7 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-08-2025 തീയതിയിൽ 3.00 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 87/-(എൺപത്തി ഏഴ് )രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

2. 2024-25 വർഷത്തിൽ എല്ലാ വാർഡുകളിലും രണ്ട് ഗ്രാമസഭയാണ് കൂടിയിട്ടുള്ളത് . 2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് ഗ്രാമസഭായോഗങ്ങൾ കൂടിയിട്ടുള്ളത് എന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം , വകുപ്പ് 13 പ്രകാരം കുറഞ്ഞ പക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ യോഗം ചേരേണ്ടതാണ്.

3. നികുതി/ നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം തനത്ഫണ്ടിന് ഭീമമായ നഷ്ടം സംഭവിക്കുന്നു. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

4. ഡെപ്പോസിറ്റ് പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിന് നിർവ്വഹണ അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-9-1 വർക്ക് ഷെഡ് നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ല.

1) വർക്ക് കോഡ് - 1614001002/AV/277374 (ആശ്രയ കഫേ യൂണിറ്റ്, നെടിയകാല)

അടങ്കൽ - 5,00,000/- (സ്കിൽഡ് -36,663/-, മെറ്റീരിയൽ -3,10,157/-, സെമിസ്കിൽഡ്- 75,931/-, അൺസ്കിൽഡ് - 38,319/-, Lumpsum Material – 38,928/-)

ചെലവഴിച്ച തുക – 4,21,848/- രൂപ ( മെറ്റീരിയൽ -2,79,913/- വേജസ് - 1,41,935/-)

(എം.ബുക്ക് പ്രകാരം അനുവദിച്ച തുക)

2) വർക്ക് കോഡ് - 1614001002/AV/281953 (അന്നപൂർണ കാറ്ററിംഗ് യൂണിറ്റ്)

അടങ്കൽ - 5,00,000/-

ചെലവഴിച്ച തുക – 4,26,791/- രൂപ (മെറ്റീരിയൽ -2,79,913/- വേജസ് - 1,46,845/-)

രണ്ടു വർക്ക് ഷെഡുകൾ നിർമ്മാണം 2022-23 ൽ ആരംഭിച്ച് 2023-24 ൽ പ്രവൃത്തി പൂർത്തിയാക്കിയെങ്കിലും ഇലക്ട്രിഫിക്കേഷൻ ചെയ്തിട്ടില്ല. ഇലക്ട്രിഫിക്കേഷനായി Lumpsum Material ഇനത്തിൽ തുക വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെ പ്രവൃത്തി നിർവഹിച്ചിട്ടില്ല. 26/08/2025 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ആശ്രയ കഫേ യൂണിറ്റിനു നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ പ്രസ്തുത വാർഡിലെ ഹരിത കർമ്മസേന അംഗങ്ങൾ ശേഖരിച്ച തരം തിരിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. കെട്ടിടത്തിനു ചുറ്റും കാടു പിടിച്ച് ആകെ വൃത്തിഹീനമായാണ് വർക്ക് ഷെഡ് കാണപ്പെട്ടത്. അന്ന പൂർണ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ ലക്ഷ്യം പൂർത്തിയായിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നാളിതുവരെ നിർവഹിക്കാത്തതിനും വർക്ക് ഷെഡ് പ്രവർത്തനം ആരംഭിക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 48 തിയതി 27/08/2025) ജില്ലാ പഞ്ചായത്തിലെ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും അസി. എഞ്ചിനീയർ എസ്റ്റിമേറ്റ് എടുത്തു തരാൻ വൈകിയതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നാണ് മറുപടി ലഭ്യമാക്കിയത്. ഇലക്ട്രിഫിക്കേഷൻ വർക്ക് പൂർത്തിയാക്കുന്നതിനുള്ള

നടപടികൾ അടിയന്തിരമായി സ്വീകരിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ടതും വർക്ക് ഷെഡ് പ്രവർത്തനം ആരംഭിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-9-2 അറപ്പുര മേക്കതിൽ മലിനംകുളം കാട്ടുപ്ലാവുനിന്ന നടപ്പാത ഇന്റർലോക്ക് - അപാകങ്ങൾ

അറപ്പുര മേക്കതിൽ മലിനംകുളം കാട്ടുപ്ലാവുനിന്ന നടപ്പാത ഇന്റർലോക്ക് (നീളം 85m, വീതി 3m)
വർക്ക് കോഡ് - 1614001002/RC/395242

അടങ്കൽ - 3,20,434/- രൂപ

ചെലവഴിച്ച തുക – 3,12,895/- രൂപ (സ്കിൽഡ് - 27,648/-, മെറ്റീരിയൽ - 2,63,149/-, CIB – 3,450/- അൺസ്കിൽഡ് - 18,648/- രൂപ)

ഈ റോഡിന്റെ ഇന്റർ ലോക്ക് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും റോഡിന്റെ ഇരു വശങ്ങളും കുറച്ചു ഭാഗം ഇന്റർ ലോക്ക് ചെയ്യാതെ അവശേഷിക്കുന്നു. സൈഡ് ബേം കോൺക്രീറ്റും ചെയ്യിട്ടില്ല. ആയതിനാൽ നിലവിൽ ഇന്റർലോക്ക് ഇളകിപോകാതിരിക്കുന്നതിനുള്ള സംരക്ഷണം ഇല്ലാത്ത അവസ്ഥയാണ്. മഴക്കാലമാകുമ്പോൾ ഇന്റർ ലോക്കിന് ഉൾഭാഗത്തുള്ള മെറ്റൽ ഒലിച്ചു പോകുന്നതിനും റോഡ് നശിക്കുന്നതിനുമുള്ള സാധ്യതയുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ബേം കോൺക്രീറ്റ് എന്ന ഇനം ഉൾപ്പെടുത്താത്തതിനാലാണ് ഇപ്രകാരം സംഭവിച്ചത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപ് പ്രവൃത്തി നിർവഹിക്കേണ്ട സ്ഥലം സന്ദർശിച്ച് അളവുകൾ രേഖപ്പെടുത്തി ആവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. ആയതു ശരിയായ വിധം നിർവഹിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 48/27.08.2025) സൈഡ് ബേം കോൺക്രീറ്റ് എന്നത് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ അനുവദനീയമായ എ.എം.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതെന്നാണ് മറുപടി ലഭ്യമാക്കിയത്. ബേം കോൺക്രീറ്റിംഗ് നിർവഹിച്ച് റോഡ് സംരക്ഷിക്കുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പു പദ്ധതി

| **ഇനം** | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5,456.50 | 32,49,132 | 32,54,588.50 | 31,39,814 | 1,14,774.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,37,17,958 | 4,37,17,958 | 4,37,17,958 | 0 |
| **ആകെ** | 5,456.50 | 4,69,67,090 | 4,69,72,546.5 | 4,68,57,772 | 1,14,774.50 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.06.2022 | 01.04.2022 മുതൽ 31.05.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2013 | 2008-09 മുതൽ 2012-13 വരെ | ലഭിച്ചിട്ടില്ല |

## 1-11 ഭരണസമിതി തീരുമാനങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ സെക്രട്ടറി ചട്ടങ്ങൾ പാലിക്കുന്നില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ സെക്രട്ടറി ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറി പ്രസിഡന്റിന് അയച്ചു നൽകി അംഗീകാരം നേടാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം നടന്ന തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അംഗീകരിച്ച ചെയ്ത തീയതി | കാലതാമസം (ദിവസങ്ങൾ) |
|---|---|---|---|
| 17/07/2024 | 03/09/2024 | 03/09/2024 | 48 |
| 23/07/2024 | 29/08/2024 | 29/08/2024 | 37 |
| 16/08/2024 | 03/10/2024 | 03/10/2024 | 48 |
| 30/08/2024 | 31/10/2024 | 31/10/2024 | 62 |
| 11/09/2024 | 29/10/2024 | 29/10/2024 | 48 |

| | | | |
|---|---|---|---|
| 09/10/2024 | 30/11/2024 | 30/11/2024 | 52 |
| 15/10/2024 | 28/11/2024 | 28/11/2024 | 44 |
| 29/10/2024 | 13/01/2025 | 13/01/2025 | 76 |
| 25/11/2024 | 16/01/2025 | 16/01/2025 | 52 |
| 07/12/2024 | 17/01/2025 | 17/01/2025 | 41 |
| 09/12/2024 | 19/01/2025 | 19/01/2025 | 41 |
| 03/01/2025 | 10/03/2025 | 10/03/2025 | 66 |
| 16/01/2025 | 28/03/2025 | 28/03/2025 | 71 |
| 25/01/2025 | 19/03/2025 | 19/03/2025 | 53 |
| 03/02/2025 | 10/04/2025 | 10/04/2025 | 66 |
| 13/02/2025 | 05/06/2025 | 05/06/2025 | 112 |
| 21/03/2025 | 30/07/2025 | 30/07/2025 | 131 |
| 28/03/2025 | 15/08/2025 | 15/08/2025 | 140 |

പഞ്ചായത്ത് ഭരണസമിതി യോഗങ്ങൾ പൂർത്തിയായശേഷം തീരുമാനങ്ങൾ ക്രോഡീകരിച്ച് അദ്ധ്യക്ഷന്റെ അംഗീകാരത്തിന് അയച്ചു നൽകി തുടർനടപടി പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും വിധം സ്വീകരിക്കാത്തതിന് മറുപടി ലഭ്യമാക്കാൻ 19/08/2025-ൽ നൽകിയ 7/2025 നമ്പർ അന്വേഷണകുറിപ്പിന് നൽകിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ചട്ടപ്രകാരം മിനിട്ട്സുകൾ നിശ്ചിത സമയത്തിനകം അംഗീകാരം നൽകാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-12 ഭരണസമിതി തീരുമാനങ്ങളുടെ തുടർനടപടി വിവരം ലഭ്യമാക്കിയില്ല.

2024-25 സാമ്പത്തിക വർഷത്തിൽ സകർമ്മ മിനിട്ട്സ് പ്രകാരം ഭരണസമിതി ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ചിട്ടുണ്ട്.

| യോഗ തിയതി | തീരുമാന നമ്പർ, തീരുമാനം |
|---|---|
| 14/05/2024 | തീരുമാന നമ്പർ :- 2<br>കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് അതിദാരിദ്ര്യ-ലൈഫ് പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താവായ രണ്ടാം വാർഡിലെ തുളസി, വേങ്ങനിന്ന, കഴിവൂർ എന്നയാൾ ടിയാളുടെ പേരിലുണ്ടായിരുന്ന വസ്തു മകന് നൽകിയതിനാലാണ് ഭൂരഹിതയായതെന്നും, പതിമൂന്നാം വാർഡിലെ ഗുണഭോക്താവായ ജാനകി, കാണവിള കോളനി എന്നയാൾ ടിയാളുടെ പേരിൽ ഉണ്ടായിരുന്ന വീടും വസ്തുവും മകളുടെ മകൾക്ക് നൽകുകയും പ്രസ്തുത വീട്ടിൽ താമസിക്കുകയും ചെയ്യുന്നു എന്നും ആയതിനാൽ 16-7-2018 തീയതിയിലെ 92/2019 LSGD ഉത്തരവുപ്രകാരം തുളസി ജാനകി എന്നിവരെ ലൈഫ് അർഹത പട്ടികയിൽ നിന്നും മാറ്റി നിർത്തണമെന്ന് VEO സമർപ്പിച്ച കത്ത് പഞ്ചായത്ത് ഭരണസമിതി വിശദമായി പരിശോധിച്ചു. EPEP ID 60854 ആയി ഉൾപ്പെട്ടിട്ടുള്ള തുളസി, വേങ്ങനിന്ന, കഴിവൂർ, എന്നയാളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഇയാളെ അതിദാരിദ്ര്യ പട്ടികയിൽ തുടർന്നും ഉൾപ്പെടുത്തുന്നതിനും ടിയാൾക്കുള്ള അവശ്യ സേവനങ്ങൾ തുടർന്നും നൽകുന്നതിനും ലൈഫ് പദ്ധതിയിൽ ടിയാളെ തുടർന്നും ഉൾപ്പെടുത്തുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് ലൈഫ് മിഷന് കത്ത് നൽകുന്നതിനും നിർവഹണ ഉദ്യോഗസ്ഥനായ VEO യെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനിച്ചു. EPEP ID 54405 ആയി ഉൾപ്പെട്ടിട്ടുള്ള ജാനകി, കാണവിള കോളനി എന്നയാൾ ഏത് കാലയളവിലാണ് ടിയാളുടെ പേരിൽ ഉണ്ടായിരുന്ന വീടും വസ്തുവും മകളുടെ മകൾക്ക് നൽകിയത് എന്ന് അന്വേഷണം നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ലൈഫ് പദ്ധതി മാനദണ്ഡ പ്രകാരം ടിയാളെ ലൈഫ് അർഹത പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും അതിദാരിദ്ര്യ നിർമാർജന പദ്ധതി മൈക്രോ പ്ലാനിൽ വീടും സ്ഥലവും ലഭ്യമാക്കൽ എന്ന സേവനത്തിൽ നിന്നും ഇവരെ ഒഴിവാക്കുന്നതിനായി പ്രോഗ്രസ്സ് അപ്ഡേഷൻ ചെയ്യുന്നതിനും നിർവഹണ ഉദ്യോഗസ്ഥനായ VEO യെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനിച്ചു. |
| 18/6/2024 | തീരുമാന നമ്പർ :- 2 തീരുമാനം :-<br>കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ (വാർഡ് 4) മേലേവിളാകം 43 ആം നമ്പർ അങ്കണവാടി കെട്ടിടത്തിനോട് ചേർന്ന് അപകടാവസ്ഥയിൽ നിന്നിരുന്ന 2 മരം (ആഞ്ഞിൽ, പെരുമരം) കുട്ടികളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് അടിയന്തര സാഹചര്യത്തിൽ 27/09/2023 ൽമുറിച്ച് മാറ്റിയിട്ടുണ്ടെന്നും. മുറിച്ച് മാറ്റിയ മരം അങ്കണവാടി കൊമ്പൗണ്ടിൽ തന്നെ സൂക്ഷിക്കുകയും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ടെന്നും. 05/04/2024-നു നെയ്യാറ്റിൻകര ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ നിന്നും വാലുവേഷൻ നടപടികൾ പൂർത്തീകരിച്ച് 17/04/2024 ൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും ലഭിച്ച കത്ത് പ്രകാരം ലേല നടപടികൾ ആരംഭിക്കാൻ അറിയിച്ചിട്ടുള്ളതായും ഭരണസമിതിയുടെ 30/4/2024 ലെ 6(5) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ലേല നടപടികൾ ആരംഭിച്ച് 15/05/2024, 25/05/2024 എന്നീ തീയതികളിൽ 2 ലേല പരസ്യം ഇട്ടിരുന്നെങ്കിലും, ആരും തന്നെ ലേലത്തിൽ പങ്കെടുത്തിട്ടില്ലാത്തതിനാൽ ലേലതുക കുറവ് വരുത്തുന്നതിനുള്ള കമ്മിറ്റി അഗീകാരം ലഭ്യമാക്കണമെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ലഭിച്ച കത്ത് പഞ്ചായത്ത് ഭരണസമിതി വിശദമായി പരിശോധിച്ചു. പ്രസ്തുത ഇനങ്ങൾക്ക് ലഭ്യമായ വാലുവേഷൻ തുകയിൽ |

| | |
|---|---|
| | നിന്നും 25% കുറവ് ചെയ്തു പുനർ ലേലം ചെയ്യുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തി ഭരണസമിതി ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. |
| ” | തീരുമാന നമ്പർ :- 3 തീരുമാനം :-<br>കാഞ്ഞിരകുളം ഗ്രാമപഞ്ചായത്ത് പബ്ലിക് മാർക്കറ്റിൽ സൂക്ഷിച്ചിരിക്കുന്ന ചീലാന്തി മരക്കഷണങ്ങൾ നിരവധി തവണ ലേലം ചെയ്തിട്ടും ആരും പങ്കെടുത്തിട്ടില്ല. ടി മരക്കഷണങ്ങൾ പബ്ലിക് മാർക്കറ്റിൽ തുറസ്സായ സ്ഥലത്ത് മുറിച്ച് സൂക്ഷിച്ചിരിക്കുന്ന അവസ്ഥയിലായതിനാൽ തടിക്ക് സാരമായ ജീർണ്ണനം സംഭവിച്ചിട്ടുണ്ട്. മുറിച്ച് സൂക്ഷിച്ചിരിക്കുന്ന നാല് മരക്കഷണങ്ങൾക്ക് യഥാക്രമം SIZE 135 CM, VALUATION AMOUNT 3,981/-, SIZE 135 CM, VALUATION AMOUNT 3,689/-, SIZE 120 CM, VALUATION AMOUNT 14,456/-, SIZE 110 CM, VALUATION AMOUNT 2,425/- എന്നിങ്ങനെ വാലുവേഷൻ തുക സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും ലഭ്യമായിട്ടുള്ളതാണ്. നിരവധി തവണ ലേലം നടത്തിയിട്ടും ആരും ലേലത്തിൽ പങ്കെടുത്തിട്ടില്ലാത്തതിനാൽ 08/01/2024 തീയതിയിലെ 3(4) നമ്പർ തീരുമാന പ്രകാരം ആയതിന് കൊട്ടേഷൻ ക്ഷണിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 23/01/2024 തീയതിയിൽ കൊട്ടേഷൻ അവസാനിക്കുന്ന വിധത്തിൽ കൊട്ടേഷൻ പരസ്യം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. എന്നാൽ ആരും തന്നെ കൊട്ടേഷൻ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത മരക്കഷണങ്ങൾക്ക് ഒരിക്കൽ കൂടി കൊട്ടേഷൻ ക്ഷണിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു. കാഞ്ഞിരകുളം പഞ്ചായത്ത് ഭരണസമിതിയുടെ 16/02/2024 തീയതിയിലെ 3(6) നമ്പർ തീരുമാനം പ്രകാരം പ്രസ്തുത മരക്കഷണങ്ങൾക്ക് ലഭ്യമാകുന്ന വിലയ്ക്ക് കൊട്ടേഷൻ ചെയ്യുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണ് എന്നാൽ ആരും തന്നെ കൊട്ടേഷൻ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഒരിക്കൽ കൂടി റീ കൊട്ടേഷൻ ക്ഷണിക്കുന്നതിന് ഭരണസമിതി ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. |
| 9/07/2024 | തീരുമാന നമ്പർ :- 1 തീരുമാനം :-<br>കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരംകുളം ജംഗ്ഷനിലും, മറ്റ് റോഡുകളിലും ഉള്ള അനധികൃത നിർമ്മാണങ്ങളും, വ്യാപാര സാധനങ്ങൾ റോഡിലേക്ക് ഇറക്കി വച്ചിരിക്കുന്നതും മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കാണിച്ച് മൂന്നുമുക്ക് വാർഡ് മെമ്പർ സമർപ്പിച്ച കത്ത് 08/01/2024 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും 11(3)-ാം നമ്പർ പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗത്തെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. ആയതു പ്രകാരം അന്വേഷണം നടത്തി അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW സമർപ്പിച്ച കെട്ടിടങ്ങളുടെ ലിസ്റ്റ് ഭരണസമിതി വിശദമായി പരിശോധിച്ചു. പ്രസ്തുത ലിസ്റ്റിൽ കെട്ടിടങ്ങളുടെ ഉടമസ്ഥന്റെ പേര്, കെട്ടിട നമ്പർ, നടത്തിയിട്ടുള്ള നിയമലംഘനം എന്നിവ വ്യക്തമായി രേഖപ്പെടുത്തി സമർപ്പിച്ചിട്ടില്ലാത്തതിനാലും, എല്ലാ അനധികൃത നിർമ്മാണം സംബന്ധിച്ച ലിസ്റ്റ് സമർപ്പിക്കാത്തതിനാലും അപൂർണ്ണമായ ലിസ്റ്റ് അംഗീകരിക്കേണ്ട എന്നും വിശദമായ പരിശോധന വീണ്ടും നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങളും, വ്യാപാര സാധനങ്ങൾ റോഡിലേക്ക് ഇറക്കിവച്ച് വ്യാപാരം നടത്തുന്നതുമായ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള കടകൾ വേർതിരിച്ച് ലിസ്റ്റാക്കി സാക്ഷ്യപ്പെടുത്തി അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW-യെ ചുമതലപ്പെടുത്തി ഭരണസമിതി ഐകകണ്ഠേന അംഗീകരിച്ചു തീരുമാനിച്ചു. |
| 29/7/2024 | തീരുമാന നമ്പർ :- 3 തീരുമാനം :-<br>കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ സ്ഥിരതാമസക്കാരിയായ മായ വി.ജി, പ്ലാവിള, കഴിവൂർ എന്നയാൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ എസ്.സി ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം 75,000/- രൂപ നൽകിയിരുന്നുവെന്നും എന്നാൽ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ലെന്നും, കൂടാതെ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് വിലാസിനി, പ്ലാവിള കിഴക്കരിക് പുത്തൻ വീട്, കരിച്ചൽ എന്ന ഗുണഭോക്താവ് 2019-20 സാമ്പത്തിക വർഷത്തിൽ കരാർ നടപടികൾ പൂർത്തിയാക്കുകയും 3 ലക്ഷം രൂപ കൈപ്പറ്റി ജനൽമട്ടം വരെ പണി പൂർത്തികരിച്ചിട്ടുണ്ടെന്നും, സുനിത, ആദർശ് ഭവൻ, കരിച്ചൽ എന്ന ഗുണഭോക്താവ് 2021-22 സാമ്പത്തിക വർഷത്തിൽ കരാർ നടപടികൾ പൂർത്തിയാക്കുകയും ബെയ്സ്മെന്റ് വരെ മാത്രം പണി പൂർത്തികരിച്ചിട്ടുണ്ടെന്നും മേൽ പറഞ്ഞ 2 ഗുണഭോക്താക്കൾക്കും കത്തു മുഖേനയും, നേരിട്ടും നിർദ്ദേശം നൽകിയിട്ടും വീട് പണി പൂർത്തികരിച്ചിട്ടില്ലെന്നും ആതിനാൽ തുടർനടപടി സ്വീകരിക്കണമെന്നും കാണിച്ച് വി.ഇ.ഒ (West) സമർപ്പിച്ച കത്ത് ഭരണ സമിതി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുമായി സഹകരിച്ച് സ്ഥലം പരിശോധിച്ച് ടി വിഷയത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വി.ഇ.ഒ-യെ ചുമതലപ്പെടുത്തികൊണ്ടും, പ്രസ്തുത റിപ്പോർട്ട് അടുത്ത കമ്മറ്റിയിൽ ഉൾപ്പെടുത്തുന്നതിനും ഭരണസമിതി അംഗീകരിച്ച് തീരുമാനിച്ചു. |
| 29/10/2024 | തീരുമാന നമ്പർ :- 11 തീരുമാനം :-<br>2021-22 ലെ ഭവന നിർമ്മാണത്തിന് കരാർ വച്ചതിൽ നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളായ 13-ാം വാർഡിലെ വിലാസിനി, പ്ലാവിള കിഴക്കരിക് പുത്തൻവീട്, കരിച്ചൽ, 4-ാം വാർഡിലെ സുനിത, ആദർശ് ഭവൻ, കരിച്ചൽ എന്നീ രണ്ട് പേർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് വി.ഇ.ഒ സമർപ്പിച്ച കത്ത് കമ്മിറ്റി ചർച്ച ചെയ്തു. ടി ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയിരുന്നു എങ്കിലും നാളിതുവരെ കെട്ടിടനിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ടി |

| | |
|---|---|
| | വ്യക്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നു. 29/07/2024-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3)-ാം നമ്പർ തീരുമാന പ്രകാരം വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ സ്ഥലപരിശോധന നടത്തുകയും വീട് പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു എങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല എന്ന് വി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയം കമ്മിറ്റി ചർച്ച ചെയ്തു. പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക വീട് പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനാൽ തുക തിരിച്ചുപിടിക്കുന്നതിനു ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. |
| 25/11/2024 | തീരുമാന നമ്പർ :- 5 തീരുമാനം :-<br>കാഞ്ഞിരംകുളം വില്ലേജിലെ ബ്ലോക്ക് 17-ലെ റീസർവ്വേ 4/2-ലെ 59.80 ആർ സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ് എങ്കിലും റവന്യൂ രേഖകൾ പ്രകാരം ടി വസ്തു നിലവിൽ പഴയ ഉടമസ്ഥരുടെ പേരിലായതിനാൽ ടി ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുന്നതിന് 07/07/2023-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 6(4)-ാം നമ്പരായി തീരുമാനം എടുത്തിരുന്നു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ വസ്തു പഞ്ചായത്തിന്റെ പേരിൽ മാറ്റുന്നതിലേക്കായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ടി ഫയലിൽ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിയിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടുള്ള രേഖകൾ ഹാജരാക്കുന്നതിന് താലൂക്ക് ഓഫീസിൽ നിന്നും കത്ത് ലഭിച്ചിരുന്നു. കമ്മിറ്റി ടി കത്ത് വിശദമായി ചർച്ച ചെയ്തു. ടി ഭൂമി 40 വർഷത്തിലധികമായി പഞ്ചായത്തിന്റെ കൈവശത്തിലാണ് എന്നും ഹോമിയോ ഡിസ്പെൻസറി വസ്തുവിൽ സ്ഥിതി ചെയ്യുന്നു എന്നും കമ്മിറ്റി വിലയിരുത്തി. കാലപ്പഴക്കം മൂലം പഞ്ചായത്ത് ഭൂമി ആർജ്ജിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. പ്രസ്തുത സാഹചര്യത്തിൽ ടി ഭൂമി റവന്യൂ രേഖകളിൽ മാറ്റം വരുത്തി പഞ്ചായത്തിന്റെ പേരിലാക്കി നൽകണമെന്ന് ബഹു. ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. |
| 3/2/2025 | തീരുമാന നമ്പർ :- 10 തീരുമാനം :-<br>കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ 2024-25 വാർഷിക പദ്ധതിയിലെ ഭവന പുനരുദ്ധാരണ പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ചാണി വാർഡിലെ ഇന്ദിരാദേവി, രാധാകൃഷ്ണ മന്ദിരം, ചാണി എന്ന വ്യക്തി വീടിന്റെ അർഹത പരിശോധിക്കുന്നതിന് സഹകരിക്കുന്നില്ല എന്ന് കാണിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച കത്ത് കമ്മിറ്റി പരിശോധിച്ചു. ടി വ്യക്തിക്ക് നോട്ടീസ് നൽകുന്നതിനും ടി വ്യക്തിയെ ഒഴിവാക്കി ലിസ്റ്റിലെ അടുത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതിനും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 20/3/2025 | തീരുമാന നമ്പർ :- 6 തീരുമാനം :-<br>കാഞ്ഞിരംകുളം പഞ്ചായത്തിൽ മുഴുക്കോൽക്കുന്ന് വാർഡിൽ ചാണി ജംഗ്ഷനിൽ സ്ഥതിചെയ്യുന്ന പൊതുകിണർ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് റീചാർജ്ജ് ചെയ്ത് ശുദ്ധീകരിച്ചതിനാൽ അവിടെ സ്ഥിതിചെയ്യുന്ന എം സി എഫ് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് വാർഡ് മെമ്പർ സമർപ്പിച്ച കത്ത് കമ്മിറ്റി ചർച്ച ചെയ്തു. പ്രസ്തുത മിനി എം സി എഫ് ചാണി സബ്സെൻററിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് യോഗം ഐകകണ്ഠേന അംഗീകരിച്ചു തീരുമാനിച്ചു. |
| 21/3/2025 | തീരുമാന നമ്പർ :- 2 തീരുമാനം :-<br>കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ ചീനിവിള വാർഡിലെ 44-ാം നമ്പർ അംഗൻവാടിക്കായി കാഞ്ഞിരംകുളം വില്ലേജിലെ ബ്ലോക്ക് 17-ലെ 86/13-1, 13 എന്നീ റീസർവ്വേകളിൽ നിന്നും 1.62 ആർ, 0.4 ആർ വസ്തു ഉൾപ്പെടെ ആകെ 2.02 ആർ വസ്തു 15.07.2020 ലെ 400/1/2020 –ാം നമ്പർ വിലയാധാര പ്രകാരം പഞ്ചായത്ത് വാങ്ങിയിട്ടുള്ളതാണ്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ, റീസർവ്വെ 86/13-1-ലെ 3 സെന്റ് വസ്തു മാത്രമാണ് ചേർത്തിട്ടുള്ളത് എന്ന തൊഴിലുറപ്പ് വിഭാഗം അക്രഡിറ്റഡ് എഞ്ചിനീയറുടെ കത്ത് കമ്മിറ്റിയിൽ വായിച്ചു. വില്ലേജിൽ നിന്നും ലഭിച്ച കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം റീസർവ്വെ 86/13-1-1 ലെ 1.62ആറും 86/13-2-ലെ 0.4 ആറും ഉൾപ്പെടെ ആകെ 2.02 ആർ വസ്തു പഞ്ചായത്ത് സെക്രട്ടറി പേരിലാണ് എന്നും യോഗം വിലയിരുത്തി. 44-ാം നമ്പർ അംഗനവാടി കെട്ടിടനിർമ്മാണത്തിനായി പഞ്ചായത്ത് ആകെ 2.02ആർ വസ്തു വാങ്ങിയിട്ടുണ്ട് എങ്കിലും പഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ മൂന്ന് സെന്റ് വസ്തു മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ള 86/13-1 ലെ മൂന്ന് സെന്റ് എന്നത് മാറ്റി നിലവിലെ റവന്യൂരേഖകൾ പ്രകാരമുള്ള റീസർവ്വെ നമ്പർ 86/13-1-1 ലെ 1.62ആറും, 86/13-2 ലെ 0.4.ആറും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിന് LID & EW അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു |

മേൽ വിവരിച്ച ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കാൻ 22/8/2025-ൽ നൽകിയ അന്വേഷണകുറിപ്പ് 22/2025 -ന് മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്വകാര്യ വ്യക്തികളുടെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994-ലെ സെക്ഷൻ 238 പ്രകാരവും. കേരള ദുരന്തനിവാരണ നിയമം 2005-ലെ സെക്ഷൻ 30(2)(വി) പ്രകാരവും അപകടരമായ മരങ്ങൾ മുറിച്ചമാറ്റുന്നതിനായി സെക്രട്ടറിയ്ക്ക് നടപടി സ്വീകരിക്കവുന്നതാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ മരങ്ങളും ശിഖരങ്ങളും മുറിച്ച് മാറ്റുന്നതിന് താഴെ പറയും വിധം പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ഭരണ സമിതി തീരുമാന പ്രകാരം മരംമുറി കൂലി ഇനത്തിൽ തുകകൾ അനുവദിച്ചിരുന്നു.

| ക്രമ നം. | ഭരണ സമിതി യോഗ തീയതി | തീരുമാന നമ്പർ | തീരുമാനം |
|---|---|---|---|
| 1 | 22/04/2024 | 6 | ശ്രീ. രാജമണി, കളിയൽ കെട്ടിയ പുത്തൻ വീട് കാഞ്ഞിരംകുളം എന്നയാളുടെ ഒരു ആഞ്ഞിലി മുറിച്ചു മാറ്റിയ വകയിൽ 2,000/- രൂപ കൂലി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അംഗീകരിച്ചു. |
| 2 | 22/04/2024 | 7 | ശ്രീമതി മേരി. ഡി. ജിനി ഭവൻ തേരിവിള കാഞ്ഞിരംകുളം എന്നയാളുടെ പുരയിടത്തിലേക്ക് ചാഞ്ഞു നിന്ന രണ്ട് പ്ലാവുകളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റിയ വകയിൽ 2,000/- രൂപ കൂലി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അംഗീകരിച്ചു |
| 3 | 22/04/2024 | 8 | അന്തോനിയമ്മ, ഉരിയരിക്കുന്ന് പുരയിടം, കരുംകുളം പി.ഒ എന്നവരുടെ പുരയിടത്തിൽ അപായകരമായി നിന്നിരുന്ന ഒരു പ്ലാവിന്റെ ശിഖരം മുറിച്ചു മാറ്റിയ വകയിൽ 1,000/- രൂപ കൂലി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അംഗീകരിച്ചു |
| 4 | 30/04/2024 | 10 | നെടിയകാല വാർഡിലെ 30 ആം നമ്പർ അംഗൻവാടിയുടെ മുന്നിലെ നടപ്പാതയിൽ നിൽക്കുന്ന ഒരു തെങ്ങു മുറിപ്പ് കൂലി ഇനത്തിൽ 2,000/- രൂപ മരം മുറിച്ചു മാറ്റിയ ബിജു എന്നയാൾക്ക് നൽകുന്നതിനും ഭരണസമിതി തീരുമാനിച്ചു |
| 5 | 09/10/2024 | 6 | മൂന്നുമുക്ക് വാർഡിൽ 43-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് അപായകരമായി നിന്നിരുന്ന ഒരു ആഞ്ഞിലിയും ഒരു പെരുമരവും മുറിച്ചുമാറ്റിയതിന്റെ കൂലിയായി 4,000/- രൂപ ശ്രീമതി ബീനക്ക് തനത് ഫണ്ടിൽ നിന്നുംഅനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 6 | 09/10/2024 | 6 | മോഹനകുമാർ, മിഥുൻ നിവാസ്, പ്ലാവിള, കാഞ്ഞിരംകുളം പി.ഒ എന്നയാളുടെ ഉടമസ്ഥതയിലുള്ള രണ്ട് പ്ലാവുകൾ ശിഖരങ്ങൾ ഗ്രാമപഞ്ചായത്ത് 2,000/- രൂപ ചെലവിൽ നേരിട്ട് മുറിച്ച് മാറ്റിയിട്ടുള്ളതുമാണ്. മരത്തിന്റെ ഉടമസ്ഥന് ടി തുക ഒടുക്കുന്നതിന് അന്തിമ നിർദ്ദേശം നൽകുവാനും തീരുമാനിച്ചു. |
| 7 | 11/09/2024 | 1 | ശ്രീ. സുന്ദരേശൻ, സരോജം, പ്ലാവിള പുത്തൻവീട്, കിണറ്റടി മുക്ക്, കഴിവൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ നിന്ന ഒരു അയണിയും, പ്ലാവിന്റെ ശിഖരങ്ങളും മുറിച്ചുമാറ്റിയതിന്റെ കൂലിയായ 3,000/- രൂപ മരം മുറിച്ചുമാറ്റിയ ശ്രീ. കിരണിന് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |

മേൽ വിവരിക്കും പ്രകാരം എടുത്ത തീരുമാനങ്ങൾപ്രകാരം മരങ്ങൾ മുറിച്ചതിന്റെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ആവശ്യപ്പെട്ട് 20/08/2025-ൽ നൽകിയ അന്വേഷണക്കുറിപ്പ് നം. 6/25-ന് മറുപടി ലഭ്യമാക്കിയില്ല.ലെഡ്ജർ പരിശോധനയിൽ 230800104 നമ്പർ ഹെഡ്കേഡിൽ 12,000/- രൂപ മരങ്ങൾ മുറിച്ചതിന് ചെലവ് ചെയ്തിട്ടുണ്ട്. 2024-25 മരങ്ങൾ മുറിക്കാൻ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചതിന്റെയും, ചെലവഴിച്ച തുക മരങ്ങളുടെ ഉടമസ്ഥരിൽ നിന്നും തിരികെ തനത് ഫണ്ടിലേക്ക് ഈടാക്കിയതിന്റെ വിവരങ്ങൾ രസീത് നമ്പരുകൾ സഹിതവും, ഈടാക്കിയിട്ടില്ലായെങ്കിൽ സ്വീകരിച്ച തുടർനടപടി വിവരങ്ങളും അറിയിക്കേണ്ടതാണ്.

## 1-14-1 വസ്തുനികുതി - പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

കെട്ടിടനികുതിയിനത്തിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 100% നികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. 2024-25 വർഷത്തിലെ വാർഡ് തല ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി ഡിമാൻഡും ബാലൻസും ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കുടിശ്ശിക ഉൾപ്പടെ ഡിമാൻഡ് | ബാലൻസ് |
|---|---|---|
| 1 | 233671 | 52475 |
| 2 | 459028 | 78923 |
| 3 | 213469 | 39453 |
| 4 | 146794 | 26078 |
| 5 | 1134036 | 203782 |
| 6 | 556228 | 0 |
| 7 | 682493 | 415131 |
| 8 | 325868 | 107660 |

| | | |
|---|---|---|
| 9 | 518698 | 55979 |
| 10 | 224265 | 74248 |
| 11 | 571597 | 160321 |
| 12 | 360521 | 106779 |
| 13 | 244133 | 61961 |
| 14 | 301710 | 95150 |
| ആകെ | 5972511/- | 14,77,940/- |

2024-25 വർഷത്തിൽ ഒരു വാർഡിൽ മാത്രമാണ് 100% നികുതി പിരിച്ചെടുക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളത്. സ.ഉ(കൈ) നമ്പർ 179/2022/ധന തീയതി 18-10-2022 നമ്പർ ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനം ആയിരുന്നു. വസ്തു നികുതി ഇനത്തിൽ ഈ സാമ്പത്തിക വർഷം 90% പിരിച്ചെടുക്കാത്തതിനാൽ വരും വർഷം സമാനമായ കുറവ് വികസന ഫണ്ടിൽ നിന്നും ഉണ്ടാകുവാൻ സാധ്യതയുണ്ട്. തനത് വരുമാനത്തിന്റെ കുറവ് പഞ്ചായത്തിന്റെ ഭാവിയിലെ വികസന പ്രവർത്തനങ്ങളെ ബാധിക്കാൻ കാരണമാകാവുന്നതാണ്. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243(3) പ്രകാരം യഥാസമയം നടപടിയെടുക്കാതിരുന്നാൽ തദ്ദേശസ്ഥാപനത്തിന് കിട്ടേണ്ടതായ ഏതൊങ്കിലും നികുതിയോ മറ്റു വരുമാനങ്ങളോ കാലഹരണപ്പെടുകയും അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ചകാരണമാണെന്ന് വ്യക്തമായാൽ നഷ്ടതുക 12% പലിശസഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. പഞ്ചായത്ത് സ്വീകരിച്ച 74 റവന്യു റിക്കവറി നടപടികളുടെ STAY STATUS വിവരങ്ങൾ പരിശോധിച്ചതിൽ 47 കെട്ടിടങ്ങളിൽ സ്റ്റേ നിലനിൽക്കുന്നതായും 27 കെട്ടിട ഉടമകളുടെ സ്റ്റേ REVOKED എന്ന നിലയിലുമാണെന്ന് കണ്ടെത്തി. എന്നാൽ ഗ്രാമപഞ്ചായത്ത് STAY REVOK ആയ കെട്ടിടങ്ങളുടെ കുടിശ്ശിക നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളും STAY മാറ്റുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല. തനത് വരുമാനം കുറവായതിനാൽ കുടിശ്ശിക നികുതി ഈടാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭരണസമിതിയുടെയും നേതൃത്വത്തിൽ 100% നികുതി പിരിവ് യാഥാർത്ഥ്യമാക്കുന്നതിന് ഊർജിത നടപടികൾ സ്വീകരിക്കേണ്ടതും, തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

A. വസ്തുനികുതി ബാലൻസ് -ബാലൻസ്ഷീറ്റിലെ തുക ഡി.സി.ബി-യിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

2024-25 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ബാലൻസ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| വസ്തുനികുതി – റസിഡൻഷ്യൽ - അരിയർ | 2,47,211.70/- |
| കറന്റ് | 4,77,251/ |
| നോൺ റസിഡൻഷ്യൽ -അരിയർ | 5,50,526/- |
| കറന്റ് | 4,39,811/- |
| ആകെ | 17,14,799.70/- |

എന്നാൽ ലഭ്യമാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതിയിനത്തിൽ ആകെ കുടിശ്ശിക 14,77,940/- രൂപ മാത്രമാണ്. 2,36,859.70/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടാതണ്.

## 1-14 വസ്തുനികുതി ചുമത്തൽ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

സഞ്ചയാസേഫ്റ്റ് വെയറിലെ പരിശോധനയിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയതിലും ഈടാക്കുന്നതിലും കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

1. കെട്ടിടങ്ങൾക്ക് റോഡിൽ നിന്നുള്ള പ്രവേശന സൗകര്യം അനുസരിച്ച് നികുതി വർദ്ധിപ്പിച്ച് ഈടാക്കിയില്ല.

2013-ലെ കേള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതി ചട്ടം 7-ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 20% കൂടി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ 5 മീറ്ററിലധികം വീതിയുള്ള ഒരേ റോഡിന്റെ പ്രവേശന മാർഗ്ഗമുള്ള ചില കെട്ടിടങ്ങൾക്ക് അധിക നികുതി ചുമത്തുകയും ചില കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലായെന്നും കണ്ടെത്തി. അപ്രകാരം അധിക നികുതി ചുമത്താത്തതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം., ഉപയോഗക്രമം | വിസ്തീർണം | നികുതി നിരക്ക് | ചുമത്തിയ അടിസ്ഥാന നികുതി | ചുമത്തേണ്ട അധിക തുക | റോഡിന്റെ പേര് |
|---|---|---|---|---|---|---|
| 1 | 5/122 | 725m2 | 7 | 5075 | 1015 | കാഞ്ഞിരംകുളം-പുല്ലുവിള |
| 2 | 5/770 ആശുപത്രി | 15 M2 | 7 | 105 | 21 | „ |
| 3 | 5/123b പാർപ്പിടം | 126.75 M2 | 5 | 633.75 | 127 | „ |
| 4 | 5/667 ആശുപത്രി | 195 M2 | 7 | 1365 | 273 | „ |
| 5 | 5/668 ആശുപത്രി | 22 M2 | 7 | 154 | 31 | „ |

| | | | | | | |
|---|---|---|---|---|---|---|
| 6 | 5/680 പാർപ്പിടം | 225 M2 | 5 | 1125 | 225 | ,, |
| 7 | 5/687 ബങ്കുകൾ | 22 M2 | 50 | 1100 | 220 | ,, |
| 8 | 5/675 ഷോപ്പ് | 18m2 | 50 | 900 | 180 | ,, |
| 9 | 5/667 ആശുപത്രി | 195 M2 | 7 | 1365 | 273 | ,, |
| 10 | 5/660 ഷോപ്പ് | 35M2 | 50 | 1750 | 350 | ,, |

നികുതി നിർണ്ണയ രജിസ്റ്ററിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള കാഞ്ഞിരംകുളം - പുല്ലുവിള റോഡ് ചേർന്ന് പ്രവേശനമാർഗ്ഗം ഉള്ള 5/124, 5/108 തുടങ്ങിയ നമ്പർ കെട്ടിടങ്ങൾക്ക് 20% നികതി വർദ്ധനവ് ചുമത്തിയിട്ടുണ്ട്. ഇപ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള പ്രവേശനമാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് അധിക നികുതി ചുമത്താത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

2) വാസേതര കെട്ടിടങ്ങൾ നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ആക്ടിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരം സെക്രട്ടറി വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ ചുവടെ വിവരിക്കുന്ന വാസേതര കെട്ടിടങ്ങൾ നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

| കെട്ടിടനമ്പർ, ഉടമ | വിസ്തീർണം | കാലയളവ് |
|---|---|---|
| 11/462 – ശ്രീ. രാജഗുരുബാൽ | 100 M2 | 2013 മുതൽ |
| 11/463 – ശ്രീ. രാജഗുരുബാൽ | 25 M2 | 2013 മുതൽ |
| 12/288 – മദർതെരേസ്സ ഡേകെയർ | 269 M | 2013 മുതൽ |
| 12/288 A – മദർതെരേസ്സ ഡേകെയർ | 45.25m2 | 2013 മുതൽ |
| 12/344 – തഹസിൽദാർ | 128.34 M2 | 2013 മുതൽ |
| 11/500 – അസി. ഡയറക്ടർ, റീജണൽ പൌൾട്രിഫാം | 55m2 | 2013 മുതൽ |

മേൽ വിവരിച്ച കെട്ടിടങ്ങൾ നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടതിന് കാരണമായ രേഖകൾ ലഭ്യമാക്കേണ്ടതും, രേഖകൾ ലഭ്യമാക്കാത്ത പക്ഷം നിയമാനുസൃത കുടിശ്ശിക സഹിതംനികുതി ചുമത്തി മറുപടി സഹിതം ലഭ്യമാക്കേണ്ടതാണ്.

3) കെട്ടിടങ്ങൾക്ക് വിസ്തീർണ്ണത്തിന് അനുസരിച്ച് നികുതി ചുമത്തിയിട്ടില്ല.

| കെട്ടിടനമ്പർ | വിസ്തീർണം | ചുമത്തേണ്ട നികുതി നിരക്ക് | ചുമത്തിയ നിരക്ക് |
|---|---|---|---|
| 5/359c | 149 M2 | 65/- | 50 |

കെട്ടിടത്തിന്റെ വിസ്തീർണത്തിന് അനുസൃതമായ നികുതി ചുമത്താത്തതിന് മറപടി ലഭ്യമാക്കേണ്ടതാണ്.

4) വാണിജ്യകെട്ടിടങ്ങൾക്ക് വിസ്തീർണത്തിന് അനുസൃതമായ നിരക്കിൽ നികുതി ചുമത്തിയിട്ടില്ല.

കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ചുകഴിഞ്ഞാൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ഫാറം 6-ൽ ശേഖരിക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തുനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടത്താണ്. 203-ാം വകുപ്പ് (2)-ാംഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിച്ച അടിസ്ഥാനനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി നികുതി ചുമത്തേണ്ടതാണ്. ആയത് പ്രകാരം ഗ്രമാപഞ്ചായത്ത് കൂടിയതും കുറഞ്ഞതുമായ നിരക്ക് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിലെ പരിശോധനയിൽ ചുവടെ വിവരിക്കുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് വിസ്തീർണ്ണം അനുസരിച്ച് നികുതി ചുമത്തിയിട്ടില്ലായെന്ന് കണ്ടെത്തി.

| കെട്ടിട നമ്പർ/ഉടമ | സഞ്ചയയിലെ വിസ്തീർണം | ചുമത്തിയ നികുതി നിരക്ക്, അടിസ്ഥാന നികുതി | ചുമത്തേണ്ട നിരക്ക്, അടിസ്ഥാന നികുതി | അടിസ്ഥാന നികുതിയിലെ കുറവ് | നികുതി ചുമത്തിയ കാലയളവ്. |
|---|---|---|---|---|---|
| 3/218a ശ്രീ.ഷാജി | 136.20 M2 | 50/- 6810/- | 65/- 8853/- | 2043/- | 2021 രണ്ടാം പകുതി മുതൽ |
| 5/280 A ജയകുമാർ | 253.64 M2 | 50- 16779/- | 80/- 20291/- | 3512 | 2018 ആദ്യ പകുതി മുതൽ |
| 5/339 Eദേവരാജ് നാടാർ. | 149m2 | 50/- 7450/- | 65/- 9685/- | 2235/- | 2014 ആദ്യ പകുതി മുതൽ |
| 5/572a സാംരാജ് | 102.50m2 | 50/- 5125/- | 65/- 6662.50/- | 1537.50/- | 2016 ആദ്യ പകുതി മുതൽ |
| 5/572 B സാംരാജ് | 116.94m2 | 50/- 5847/- | 65/- 7601/- | 1754/- | 2016 ആദ്യ പകുതി മുതൽ |

| | | | | | |
|---|---|---|---|---|---|
| 5/776a<br>സരോജിനി. | 165.88 M2 | 50/-<br>8294/- | 65/-<br>10782/- | 2488/- | 2016 ആദ്യ പകുതി മുതൽ |

മേൽ വിവരിച്ച കെട്ടിടങ്ങൾക്ക് അവയുടെ വിസ്തീർണ്ണം അനുസരിച്ച് നികുതി ചുമത്താത്തതിനും, ആയത് പ്രകാരം നികുതി നഷ്ടം സംഭവിച്ചതിനും മറുപടി ലഭ്യമാക്കാൻ 25/8/2025-ൽ നൽകിയ അന്വേഷണകുറിപ്പ് 31/2025 -ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ കെട്ടിടങ്ങൾ പരിശോധിച്ച് കെട്ടിടങ്ങളുടെ വിസ്തീർണം അനുസരിച്ച് നിയമാനുസൃത കുടിശ്ശിക ഉൾപ്പടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

5) കെട്ടിടത്തിന്റെ വിസ്തീർണത്തിന് അമിത നിരക്കിൽ നികുതി ചുമത്തി.

ചുവടെ വിവരിക്കുന്ന വാണിജ്യകെട്ടിടങ്ങൾക്ക് അവയുടെ വിസ്തീർണത്തിന് പഞ്ചായത്ത് അംഗീകരിച്ച നിരക്കിനെക്കാൾ കൂടിയ നിരക്കിൽ നികുതി ചുമത്തിയിരി

| കെട്ടിടനമ്പർ | വിസ്തീർണം | ചുമത്തേണ്ട നികുതി നിരക്ക് | ചുമത്തിയ നിരക്ക് |
|---|---|---|---|
| 5/45a | 81.87m2 | 50/- | 65/- |
| 5/253 | 56m2 | 50/- | 65/- |
| 5/698 | 10m2 | 50/- | 65/- |
| 6/310 | 71.41m2 | 50/- | 65/- |

മേൽ വിവരിച്ച കെട്ടിടങ്ങൾക്ക് അവയുടെ വിസ്തീർണത്തിന് അനുസൃതമായ നിരക്കിൽ നികുതി നിർണയിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

5) ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളുടെ കാലപ്പഴക്കം 9 വർഷമെന്ന് സഞ്ചയയിൽ രേഖപ്പെടുത്തി നികുതി ചുമത്തിയെങ്കിലും കുറവായി നികുതി ഈടാക്കുന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്

| കെട്ടിടനമ്പർ | വിസ്തീർണം | നികുതി നിരക്ക് | ചുമത്തിയ അടിസ്ഥാന നികുതി | ഈടാക്കുന്ന നികുതി |
|---|---|---|---|---|
| 6/417 | 369m2 | 80/- | 29520/- | 2253/- |
| 6/416 | 369m2 | 80/- | 29520/- | 2253/- |
| 6/414 | 327m2 | 80/- | 26160/- | 3752/- |

6) പൊളിച്ചു നീക്കിയ കെട്ടിടത്തിന് നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാം ഗ്രമാപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചു കളയുകയോ, നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും, ആ കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിച്ച് കളയുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്യിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടുമായിരുന്ന വസ്തുനികുതി നൽകുവാൻ ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. സഞ്ചയയിലെ Demolish എന്ന വിഭാഗത്തിലെ പരിശോധനയിൽ 8/156 (Ua)നമ്പർ കെട്ടിടത്തിന് 440 M2 വിസ്തീർണമുള്ളതും ഡിമാൻഡിൽ 2023-ലെ സാമ്പത്തികവർഷത്തെ നികുതി മാത്രം 27/3/2024-ലെ 1230105013 നമ്പർ രസീത് പ്രകാരം 1,21,968/- രൂപ അടവാക്കിയതായും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ രസീത് വിവരങ്ങളിൽ 2023-24 സാമ്പത്തികവർഷത്തിലെ നികുതി മാത്രമേ അടവാക്കിയിട്ടുള്ളുവെന്ന് വ്യക്തമായി. ഫയൽ നമ്പർ 400261/PTEX08/GPO/2024/1527 തിയതി-30/3/2024 പ്രകാരം 2023 രണ്ടാം പകുതിയിൽ Demolish എന്ന് Assessment Register-ൽ രേഖപ്പെടുത്തിയിരിക്കുന്നു. അനധികൃതകെട്ടിടത്തിന് ഒരു വർഷത്തെ നികുതി മാത്രം ഈടാക്കി Demolish എന്ന ഗണത്തിൽ ഉൾപ്പെടുത്തിയതിന് കെട്ടിട പരിശോധന റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കാൻ 25/8/2025-ൽ നൽകിയ അന്വേഷണകുറിപ്പ് 32/2025 -ന് മറുപടി ലഭ്യമാക്കിയില്ല.കെട്ടിടത്തിന്റെ ഉടമയുടെ അപേക്ഷയും, ഉദ്യോഗസ്ഥതല പരിശോധന റിപ്പോർട്ടും, ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി നൽകിയ അനുമതിയുടെ കോപ്പിയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

7. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതികുടിശ്ശിക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| കെട്ടിടനമ്പർ | ടവറിന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|
| 5/558 | റിലയൻസ് ഇൻഫോക്കോം ലിമിറ്റഡ് | 2021 മുതൽ 2024 വരെ | 9973/- |
| 7/401 | സബ്ഡിവിഷൻ എഞ്ചിനീയർ ,ടെലിഗ്രാം ഓഫീസ്. | 2016 മുതൽ 2024വരെ | 79,290/- |

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243(3),മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 539(2) പ്രകാരം യഥാസമയം നടപടി എടുക്കാതിരുന്നാൽ തദ്ദേശസ്ഥാപനത്തിന് ലഭിക്കേണ്ടതായ ഏതെങ്കിലും നികുതിയോ,മറ്റു വരവിനങ്ങളോ കാലഹരണപ്പെടുകയും,അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ചകാരണമാണ് എന്ന് വ്യക്തമായാൽ നഷ്ടതുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.മേൽ വിവരിച്ച തുകകൾ പിരിച്ചെടുക്കാത്തതിന് മറുപടിയും, കാലഹകരണപ്പെട്ട മേൽ വിവരിച്ച തുകകൾ യഥാസമയം ഡിമാൻഡ് ചെയ്യുകൊണ്ടുള്ള രേഖകളും, റവന്യുറിക്കവറി നടപടികളുടെ വിവരങ്ങളും ലഭ്യമാക്കാൻ 20/8/2025-ൽ നൽകിയ അന്വേഷണകുറിപ്പ് 10/2025 -ന് നൽകിയ മറുപടിയിൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കാൻ ഡിമാൻഡ് നോട്ടീസുകൾ നൽകി റവന്യുറിക്കവറി നടപടികൾ ആരംഭിച്ചതായും അറിയിച്ചു. വസ്തു നികുതി കൂടിശ്ശിക ഈടാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

8) റോഡ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പട്ടിക 2പ്രകാരം കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവും /വർദ്ധനവും നടത്താവുന്നതാണ്. അഞ്ച് മീറ്ററിലധികം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ അടിസ്ഥാനനികുതിയുടെ 20% അധിക വർദ്ധനവ് വരുത്താം. ഗ്രാമപഞ്ചായത്ത് 29/07/2023-ലെ 5(1) നമ്പർ

തീരുമാനപ്രകാരം വസ്തുനികുതി പരിഷ്ക്കരണത്തിന് പഞ്ചായത്തിലെ 446 റോഡുകളുടെ ലിസ്ററ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി .ആയതിന്റെ കോപ്പി പരിശോധിച്ചതിൽ ടി റോഡുകളുടെ പേര്, നീളം എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.നികുതി നിർണ്ണയത്തിന് അടിസ്ഥാന ഘടകങ്ങളിൽ ഒന്നായ റോഡുകളുടെ വീതി രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കാൻ അന്വേഷണകുറിപ്പ് 9/2025 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറപടി ലഭ്യമാക്കിയില്ല.കെട്ടിടനികുതി നിർണ്ണയത്തിലെ അടിസ്ഥാനഘടകങ്ങളിൽ ഒന്നായ റോഡുകളുടെ വീതി പഞ്ചായത്ത് യഥാവിധി അംഗീകരിച്ച് പ്രസിദ്ധീകരിക്കാത്തതിനാൽ നികുതി നിർണ്ണയത്തിലൂടെ തനത് വരവ് നഷ്ടം സംഭവിക്കാൻ സാധ്യതയുള്ളതിനാൽ ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി മേൽ വിവരിച്ച അപാകം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതും, തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകങ്ങൾ.

കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ' എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണയിച്ചിട്ടുള്ള 1225 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 249 സ്ഥാപനങ്ങൾ മാത്രമാണ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ളത്.

2) പഞ്ചായത്തിലെ ഹരിത കർമ്മസേന ഹരിതമിത്രം സോഫ്റ്റ് വെയറിന്റെ സഹായത്തോടെ മാർച്ച് 2025 മാസത്തിലെ യൂസർ ഫീ കളക്ഷൻ സ്റ്റേറ്റ്മന്റ് (വി.ഇ.ഓ ലഭ്യമാക്കിയത്) പ്രകാരം യൂസർ ഫീ നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം 809 ആണ്. ആയതിൽ നിന്ന് അഞ്ഞൂറിലധികം വാണിജ്യ സ്ഥാപനങ്ങൾ നിലവിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാം.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2024-25 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1321 വളർത്തുനായകൾ ഉണ്ട്. എന്നാൽ വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം (2024-25) ആകെ 13 വളർത്തു നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

4) 2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം അഞ്ച് മൃഗങ്ങളിൽ അധികം ഉള്ള കന്നുകാലി ഫാമിനും, ഇരുപത് മൃഗങ്ങളിൽ അധികം ഉള്ള ആടു ഫാമിനും, നൂറിലധികം പക്ഷികൾ ഉള്ള പൗൾട്രി ഫാമിനും സെക്രട്ടറിയുടെ മുൻകൂർ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ചുവടെപ്പറയുന്ന എണ്ണം ഫാമുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

| ഇനം | ആകെ ഫാമുകളുടെ എണ്ണം | ലൈസൻസ് എടുത്ത ഫാമുകളുടെ എണ്ണം |
|---|---|---|
| ഡയറി ഫാം | 81 | 0 |
| ഗോട്ട് ഫാം | 25 | 0 |
| പന്നി ഫാം | 1 | 0 |

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലാ എന്ന് അറിയിച്ചിട്ടുണ്ട്. കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/23.08.2025) അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾ ക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994ലെ പഞ്ചായത്ത് രാജ് നിയമം (വകുപ്പ് 265 മുതൽ 267 വരെ) പ്രകാരം പഞ്ചായത്തിൽ മുൻകൂട്ടി രജിസ്ട്രേഷൻ ലഭിക്കാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലാത്തതും, രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നിടത്തോളം കാലം വർഷാവർഷം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/26.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 റിജെക്റ്റ് പ്ലാസ്റ്റിക് പാഴ് വസ്തുക്കളുടെ കൈമാറ്റം - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന റിജെക്റ്റ് പ്ലാസ്റ്റിക് വസ്തുക്കൾ ക്ലീൻകേരള കമ്പനിയ്ക്ക് കൈമാറുന്നതിനായുള്ള ചെലവ് ഇനത്തിൽ പ്രോജക്റ്റ് നമ്പർ-SO-172/2024, 10/2024-25 എന്നീ പദ്ധതികൾ പ്രകാരം ആകെ 80,710/- രൂപ ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ- | SO172/2024<br>(റിജെക്റ്റ് പ്ലാസ്റ്റിക് ക്ലീൻകേരള കമ്പനിയ്ക്ക് കൈമാറുന്നതിന് തുക വകയിരുത്തൽ ) |
| അടങ്കൽ തുക | 13,458/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ്തുക | 13,458/- |
| വൗച്ചർ നമ്പർ | XVFC/2024-25/P/18<br>തിയതി-16/11/2024 |
| പ്രോജക്റ്റ് നമ്പർ- | 10/2024-25<br>(റിജെക്റ്റ് പ്ലാസ്റ്റിക് ക്ലീൻകേരള കമ്പനിയ്ക്ക് കൈമാറുന്നതിന് തുകവകയിരുത്തൽ ) |
| നിർവഹണം | വി.ഇ.ഒ (ഈസ്റ്റ്) |
| അടങ്കൽ തുക | 1,00,000/- |
| ചെലവ് തുക | 67,252/- |
| വൗച്ചർ നമ്പർ | XVFC/2024-25/P/20-1042/-<br>XVFC/2024-25/P/21-22800/-<br>XVFC/2024-25/P/47-6158/-<br>XVFC/2024-25/P/48-18442/-<br>XVFC/2024-25/P/54- 11558/-<br>XVFC/2024-25/P/55-7252/- |

ക്ലീൻകേരള കമ്പനി ലിസ്റ്റ് ചെയ്ത് ചുമതലപ്പെടുത്തിയ കമ്പനി 8280കിലോ റിജെക്റ്റ് പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ കൈപ്പറ്റിയതിന് (കിലേയ്ക്ക് 10, 9 രൂപ നിരക്കിൽ)സമർപ്പിച്ച ബില്ലുകൾപ്രകാരം രണ്ട് പദ്ധതികളിൽ നിന്നും 80,710/- രൂപ നൽകി. എന്നാൽ കമ്പനി കൈപ്പറ്റിയ 8280 കിലോ റിജെക്റ്റ് പ്ലാസ്റ്റിക് വസ്തുക്കൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ചതിന്റെ രേഖകളോ, രജിസ്റ്ററോ ഓഡിറ്റിന് സമർപ്പിച്ചില്ല. ആയത് ലഭ്യമാക്കാൻ 22/8/2025-ൽ നൽകിയ അന്വേഷണകുറിപ്പ് 19/2025 -ന് നൽകിയ മറുപടിയിൽ വാർഡികളിൽ നിന്നം ശേഖരിക്കുന്ന റിജെക്റ്റ് പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്നും തുടർവർഷത്തിൽ ആയത് സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന റിജെക്റ്റ് പ്ലാസ്റ്റിക് വസ്തുക്കളുടെ അളവ് രേഖപ്പെടുത്തി സൂക്ഷിക്കാതെ ക്ലീൻകേരള കമ്പനി ലിസ്റ്റ് ചെയ്ത് ചുമതലപ്പെടുത്തിയ കമ്പനിയുടെ വിവിധ ബില്ലുകൾ പ്രകാരം തുക കൈമാറുന്നത് അംഗീകരിക്കാവുന്നതല്ല. തുടർവർഷങ്ങളിൽ ഹരിതകർമ്മസേന കൺസോർഷ്യം പ്രസിഡന്റ്/സെക്രട്ടറി രജിസ്റ്റർ സൂക്ഷിക്കുന്നവെന്ന് വി.ഇ.ഒ ഉറപ്പുവരുത്തേണ്ടതാണ്.

## 1-18-1 ബഡ്സ് പുനരധിവാസകേന്ദ്രത്തിലെ ടീച്ചർ, ആയ എന്നിവർക്ക് സർക്കാർ നിശ്ചയിച്ച ഹോണറേറിയം നൽകുന്നില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)115/2022/LSGDതിയതി-28/05/2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ 7.1.8 -1-ൽ ബഡ്സ് സ്കൂൾ ടീച്ചർക്ക് നിശ്ചിത യോഗ്യതയ്ക്ക് അനുസരിച്ച് പ്രതിമാസ ഓണറേറിയം നൽകാവുന്നതാണ്. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ 2024-25 -ൽ 48 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ അഡ്മിഷൻ നേടിയിട്ടുണ്ട്. ടി ബഡ്സ് സ്കൂളിൽ ടീച്ചർ, ആയ എന്നിവർക്ക് പ്രതിമാസ ഓണറേറിയം 18/2024-25 (ബഡ്സ് പുനരധിവാസകേന്ദ്രം) എന്ന പദ്ധതിയിൽ നിന്നും നൽകി. സ്ഥാപനത്തിലെ ടീച്ചറുടെ യോഗ്യത Diploma In Vocational Rehabilitation ആണ്. ടി യോഗ്യതയുള്ളവർക്ക് മാർഗ്ഗരേഖ പ്രകാരം 32,560/- രൂപ നൽകേണ്ടതാണ്. എന്നാൽ 2024-25 വർഷത്തിൽ പ്ലാൻ ഫണ്ടും റോഡിതരം ഫണ്ടും വകയിരുത്തി അംഗീകാരം നേടിയ പദ്ധതിയിൽ നിന്നും പ്രതിമാസം 20,000/- രൂപ വീതം മാത്രം നൽകി.കൂടാതെ ആയക്ക് 18,390/- രൂപ നൽകേണ്ടതാണെങ്കിലും 48 കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിലെ ആയയ്ക്ക് പ്രതിമാസം 7500/ രൂപയാണ് നൽകി വരുന്നത്. 29/08/2022-ൽ കൂടിയ ഭരണസമിതിയുടെ 8/18(1) നമ്പർ തീരുമാനപ്രകാരം ടീച്ചർക്ക് 20,000/-രൂപയും,12/7/2019-ലെ സാധാരണ കമ്മറ്റിയുടെ 9-ാം നമ്പർ തീരുമാനപ്രകാരം ആയയ്ക്ക് 7,500/- രൂപയും നൽകാൻ തീരുമാനിച്ചു. 48 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ അഡ്മിഷൻ നേടിയ സ്ഥാപനത്തിലെ ടീച്ചർക്കും, ആയയ്ക്കും സർക്കാർ നിശ്ചയിച്ച ഹോണറേറിയം നൽകാത്തതിന് വിശദീകരണം ലഭ്യമാക്കാൻ 26/8/2025-ലെ അന്വേഷണകുറിപ്പ് 41/2025 പ്രകാരം ICDS സൂപ്പർവൈസറോഡും, 26/8/2025-ലെ അന്വേഷണകുറിപ്പ് 42/2025 പ്രകാരം സെക്രട്ടറിയോടും ആവശ്യപ്പെട്ടു. ഹോണറേറിയം വർദ്ധിപ്പിച്ച് നൽകുന്നതിന് ഭരണസമിതി യാതൊരു നടപടിയും സ്ഥീകരിച്ചിട്ടില്ലായെന്ന് ICDS സൂപ്പർവൈസറും, തനത് ഫണ്ടും വികസനഫണ്ടും കൂടുതൽ ലഭ്യമാകുന്നമുറയ്ക്ക് വേതനം വർദ്ധിപ്പിച്ചു നൽകുന്നതാണെന്നും സെക്രട്ടറിയും മറുപടി നൽകി. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പ്

29/07/2009/തസ്വഭവ ജി.ഒ(എം.എസ്)നമ്പർ 148/2009,6/4/2013-ലെ ജി.ഒ(എം.എസ്)നം.144/2013/എൽ.എസ്.ജി.ഡി എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ 7/02/2018 -ലെ സ.ഉ.(എം.എസ്സ്)നം.20/2018/തസ്വഭവ (ഐ.എ ഉത്തരവ് പ്രകാരം ബഡ്സ് സ്കൂൾ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:8 എന്ന നിലയിലും, ആയ-വിദ്യാർത്ഥി അനുപാതം 1:15 എന്ന നിലയിലും ക്രമീകരിക്കാൻ ഉത്തരവായിട്ടുണ്ട്. ബഡ്സ് സ്കൂൾ അധ്യാപിക-വിദ്യാർത്ഥി, ആയ-വിദ്യാർത്ഥി അനുപാതം എന്നിവ മേൽ വിവരിച്ച നിർദ്ദേശം അനുസരിച്ച് ക്രമപ്പെടുത്താനും, യോഗ്യതയനുസരിച്ച് ടീച്ചർക്കും ആയയ്ക്കും നിശ്ചിത നിരക്കിൽ ഹോണറേറിയം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് ലഭ്യമാക്കി നൽകുന്നതിനായുള്ള നടപടിയും പഞ്ചായത്ത് നിർവഹിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത കൂട്ടുന്നതിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ഫണ്ടും, എം.പി, എം.എൽ.എ ഫണ്ടും, സ്പോൺസർഷിപ്പും ലഭ്യമാക്കാനുള്ള നടപടികളും പഞ്ചായത്ത് സ്ഥീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 ബഡ്സ് സ്കൂൾ അവലോകനം

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി 18/8/2025ൽ നൽകിയ 1/2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകനം ചുവടെ ചേർക്കുന്നു.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഗ്രാമ പഞ്ചായത്തുകളിൽ "ബഡ്സ്" മാതൃകയിൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനും ബഡ്സ് സ്കൂളുകൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഘടകങ്ങളെക്കുറിച്ചും സ.ഉ(എം.എസ്)നം.148/09/ത.സ്വ.ഭ.വ; തീയതി: 29/07/2009 പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്കായി പ്രത്യേക വിദ്യാലയങ്ങളും ക്ഷേമ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് 2007 ലാണ് സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുള്ളത്. കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിൽ 18/03/2013 ൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് സ്കൂൾ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ ആനമരംവലിച്ച എന്ന സ്ഥലത്ത് പ്രവർത്തിച്ചുവരുന്നു. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10സെന്റ് സ്ഥലത്ത് 1750 സ്ക്വയർ ഫീറ്റ് കെട്ടിത്തിൽ സ്കൂൾ പ്രവർത്തിച്ചുവരുന്ന സ്കൂളിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം നാളിതുവരെ ലഭ്യമായിട്ടില്ല. എന്നാൽ സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരം 14-03-2023ൽ അംഗീകാരം ലഭിച്ചിട്ടിട്ടുണ്ട്.

ബഡ്സ് സ്കൂളിലേക്ക് പ്രവേശിക്കുന്നതിന് റോഡ് സൗകര്യം ലഭ്യമാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റുകൾ (2വീതം)സ്ഥാപിച്ചിട്ടുണ്ട്. പ്രത്യേകം ഭക്ഷണ മുറിയും ,തൊഴിൽ പരിശീലനത്തിനായി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ആവശ്യത്തിന് ഫർണിച്ചറുകളും തൊഴിൽ പരിശീലന ഉപാധികളും, ഫിസിയോതൊറാപ്പി ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. നിലവിൽ സ്കൂളിന് സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനമാണ് ഉപയോഗിക്കുന്നത്. 48 കുട്ടികൾ ഉള്ള സ്ഥാപനത്തിൽ ഒരു അധ്യാപികയെ മാത്രമേ നിയമിച്ചിട്ടുള്ളു. സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനം ലഭിക്കുന്നുണ്ട്.

സ്കൂളിനെ സംബന്ധിച്ച ഭൌതിക സാഹചര്യങ്ങളും, മറ്റു പൊതു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ബഡ്സ് സ്കൂൾ ആരംഭിച്ച തീയതി | 18/03/2013 | | |
| കെട്ടിടം സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ ആകെ വിസ്തൃതി | 10 സെന്റ് | | |
| കെട്ടിടത്തിന്റെ വിസ്തീർണം | 1750 Sq.Ft | | |
| ക്ലാസ്സ് മുറികളുടെ എണ്ണം | 1 | | |
| വാഹനത്തിന്റെ വിശദാംശം | KL-16-O-9954 | | |
| വിദ്യാത്ഥികളുടെ എണ്ണം | 48 (ആൺകുട്ടികൾ – 26, പെൺകുട്ടികൾ-22) | | |
| നിലവിലുള്ള അധ്യാപകരുടെ എണ്ണം (31.03.2025) | 1 | | |
| അധ്യാപകയുടെ വിദ്യാഭ്യാസ യോഗ്യത | ശ്രീമതി. കവിത എം. എൽ.<br>ബി.എ., ഡി.എസ്.ഇ. (എം ആർ) | | |
| നിലവിലുള്ള ആയമാരുടെ എണ്ണം (31.03.2025) | 1 | ക്ലീനർ – 1 | |
| പാചകക്കാരുടെ എണ്ണം (31.03.2025) | 1 | | |
| നിലവിലുള്ള ടീച്ചർ/ആയമാർക്ക് നൽകുന്ന പ്രതിമാസ വേതനം | ടീച്ചർ | ആയ | ക്ലീനർ, കുക്ക് |
| | 20,000/- രൂപ | 7,500/- രൂപ | 300/- ദിവസ വേതനം |

**ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനുള്ള ശിപാർശകൾ.**

1) ബഡ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന പെയിന്റിംഗ് ഉൾപ്പെടെയുള്ളവയുടെ വിപണനം കൂട്ടുന്നതിനായിയുള്ള പ്രവർത്തനം വിപുലപ്പെടുത്താവുന്നതാണ്.

2) ബഡ്സ് വിദ്യാർത്ഥികൾക്ക് വിവധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുവാൻ കുടുംബശ്രീയുടെ സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

3) കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനം ലഭ്യമാകാനുള്ള നടപടി പഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്.

4) ബഡ്സ് സ്കൂളിലെ അധ്യാപിക -വിദ്യാർത്ഥി അനുപാതം സർക്കാർ ഉത്തരവ് പ്രകാരം ക്രമീകരിക്കേണ്ടതാണ്.

5) ബഡ്സ് സ്കൂളിന് പൊതുവിദ്യാഭ്യാസവകുപ്പിന്റെ അംഗീകാരം നേടിയെടുക്കുന്നതിന് തുടർനിടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വൃദ്ധർക്ക് കട്ടിൽ-പർച്ചേഴ്സ് കമ്മിറ്റി സമയബന്ധിതമായി അംഗീകാരം നൽകാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല

നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് 4,350/- രൂപയിൽ അധികരിക്കാതെ കട്ടിൽ നൽകാവുന്നതാണ്. ICDS സൂപ്പർ വൈസർ നിർവ്വഹണോദ്യോഗസ്ഥയായി 6,09,000/- (സാധാരണ വിഹിതം) രൂപ വകയിരുത്തി 20/2024-25 നമ്പരായി അംഗീകാരം നേടിയ **വയോജനങ്ങൾക്ക് കട്ടിൽ**-ജനറൽ എന്ന പദ്ധതി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കാതെ ഉപേക്ഷിച്ചതായി ചെലവ് വിവര പത്രികയിൽ നിന്നും വ്യക്തമായി.സ.ഉ.(പി)259/2010തസ്വഭവ തിയതി-8/11/2010 പ്രകാരം പ്രോക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശസ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കാനുള്ള തീരുമാനം എടുക്കുന്നതിനായി സെക്രട്ടറി കൺവീനറായി കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. 25/02/2025-ൽ ഭരണാനുമതി നൽകിയ പദ്ധതിയ്ക്ക് 10/03/2025-ൽ ഡി.പി.സി അംഗീകാരം ലഭിച്ചു. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്ട്സ് പ്രകാരം പദ്ധതിയ്ക്കായി സിഡകോയിൽ നിന്നും ലഭിച്ച സാമ്പിൾ കട്ടിൽ 22/03/2025-ൽ കൂടിയ പഞ്ചായത്ത് Procurement കമ്മറ്റി ബഹു. പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ പരിശോധിക്കുന്നതിനായി കൂടിയെന്ന് രേഖപ്പെടുത്തി 7 അംഗങ്ങൾ ഒപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കട്ടിലുകളുടെ സാമ്പിൾ പരിശോധിച്ച് തീരുമാനം എടുക്കുകയോ, ഭരണ സമിതിയ്ക്ക് ശുപാർശ നൽകുകയോ ചെയ്തതായി Procurement കമ്മറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മിനിട്ട്സിൽ ബുക്കിൽ (പേജ്-70) അന്നേ ദിവസം യാതൊരു തീരുമാനം രേഖപ്പെടത്താതെയും, മിനിട്ട്സ് ക്ലോസ് ചെയ്യാതെയും കാണുന്നു. യഥാസമയം തീരുമാനം എടുത്ത് നൽകാത്തതിനെ തുടർന്ന് പദ്ധതി ടി വർഷം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. തീരുമാനം എടുക്കുന്നതിനായി യോഗം കൂടിയിട്ടും തീരുമാനം എടുക്കാത്തതിനും, മിനിട്ട്സിൽ രേഖപ്പെടുത്തൽ വരുത്താത്തതിനും വിശദീകരണം ലഭ്യമാക്കാൻ 25/8/2025-ൽ നൽകിയ 33/2025 നമ്പർ അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്കും, 60 വയസ്സിന് മുകളിലുള്ളവർക്കും കട്ടിലുകൾ നൽകുന്നതിനായി സമയബന്ധിതമായി നിർവഹണോദ്യോഗസ്ഥ നടപടി സ്വീകരിച്ച് കട്ടിലുകളുടെ സാമ്പിൾ എത്തിച്ച് നൽകിയിട്ടും സാമ്പിൾ പരിശോധിച്ച് യഥാക്രമം അനുവാദം നൽകാത്തതിനാൽ 2024-25 സാമ്പത്തികവർഷം കട്ടിലുകൾ ഗുണഭോക്താക്കൾക്ക് നൽകാതെ പദ്ധതി ഉപേക്ഷിച്ചത് ഭരണപരമായ വീഴ്ചയാണ്. പദ്ധതി ഉപേക്ഷിച്ചതിനുള്ള സാഹചര്യം ഭരണസമിതി ചർച്ചചെയ്യേണ്ടതും തുടർവർഷങ്ങളിൽ Procurement -ലെ അപാകങ്ങൾ പരിഹരിച്ചുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതാമാണ്.

## 1-20 അങ്കണവാടികളുടെ പ്രവർത്തന അവലോകനം.

അങ്കണവാടികളുടെ പ്രവർത്തനം ഊർജിതമാക്കുന്നതിനായി 02.06.2017 -ലെനം. 1830/2017/തസ്വഭവ ഉത്തരവ് പ്രകാരം വിവിധ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദ വിവരങ്ങൾ (പ്രധാനമായും ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ളവ) ക്രോഡീകരിച്ച് ലഭ്യമാക്കാൻ 22/08/2025-ലെ അന്വേഷണകുറിപ്പ് 30/25 പ്രകാരം ആവശ്യപ്പെട്ടതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിഷയം | എണ്ണം | അങ്കണവാടിയുടെ പേര് C. NO |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 5 | 34, 35, 42, 44, 46 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 | 34, 35, 42, 44, 46 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 4 | 34, 42, 44, 46 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 0 | 0 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 18 | ALL |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 6 | 30, 31, 34, 37, 39, 43 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 0 | NIL |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | 0 | NIL |
| 9 | മൂന്ന് മുറിയെങ്കിലും ഇല്ലാത്തവ | 0 | NIL |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 0 | ALL |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 9 | |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 18 | സാധാ ടോയ്‌ലറ്റുകൾ എല്ലാ അങ്കണവാടികളിലും ഉണ്ട് |
| 13 | വൈദ്യുതി ഇല്ലാത്തവ | 0 | NIL |
| 14 | Baby Weighing Machine/Salter Scale/ Platform Weighing Scale | 0 | എല്ലാ അങ്കണവാടികളിലും ഉണ്ട് |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 18 | - |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 0<br>16 | 32, 45 എന്നീ അങ്കണവാടികൾ ഒഴികെ മറ്റ് അങ്കണവാടികളിൽ ഇല്ല |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്ന് കിറ്റ് എന്നിവ ഇല്ലാത്തവ | 0 | 0 |

| | | | |
|---|---|---|---|
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | 18 | 18 |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | 0 | 0 |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 0 | 0 |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 0 | 0 |
| 22 | വാട്ടർ പ്യൂരിഫെയർ ഇല്ലാത്തവ | 0 | 0 |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | 0 | 0 |
| 24 | കുടിവെള്ള സൗകര്യം, ജല സംഭരണി എന്നിവ ഇല്ലാത്തവ | 0 | 0 |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 | 0 |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 0 | 0 |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 0 | 0 |

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ലായെന്നും,പകരം അങ്കണവാടി ലെവൽ മേണിററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ച 2024-25 വർഷത്തെ പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തെയും സംബന്ധിച്ച വിവരങ്ങൾ .

3) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.4 പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി. എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിച്ചിട്ടുണ്ടെന്നും,അത്തരം കമ്മിറ്റികൾ കൃത്യമായി കൂടുന്നുവെന്നും അവയിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കാറുണ്ടെന്നും പ്രശ്നങ്ങൾ കൃത്യമായി പരിഹരിക്കാറുണ്ടെന്നും അറിയിച്ചു.എന്നാൽ 2024-25 വർഷം മാസത്തിലൊരിക്കൽ എന്ന കണക്കിൽ അവയുടെ യോഗം ചേർന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല .

4) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, G എന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കാനും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.എല്ലാ അങ്കണവാടികളിലും കേരള വാട്ടർ അതോറിറ്റിയുടെ ജലമാണ് ലഭ്യമാക്കുന്നതെന്നും,ജലസംഭരണികൾ മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നുവെന്നും അറിയിച്ചു.

5) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1. പ്രകാരം 2021-22-ൽ Monthly Progress Report, ഖണ്ഡിക 4.2.2. പ്രകാരം Annual Progress Report എന്നിവ അങ്കണവാടി തലത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

6) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1 പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. 2024-25 ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരം കാര്യങ്ങൾ നിർവ്വഹിച്ചിട്ടില്ലായെന്നും,എന്നാൽ 2025-26 വർഷത്തെ പദ്ധതികൾ വഴി പുതിയ അലമാരകൾ, ഗ്യാസ് സ്റ്റൗ മുതലായ വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചു.

7) ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (Iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. 2024-25 ൽ അങ്കണവാടികൾ വഴി നൽകുന്ന പോഷകാഹാരത്തിന്റെ ഗുണമേന്മ ALMSC,Health Staff,ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എന്നിവർ സന്ദർശിച്ച് ഉറപ്പുവരുത്താറുണ്ടെന്നും അറിയിച്ചു.

8) സർക്കുലർ നം. 31055/ഡിസി2/2011/തസ്വഭവ, തീയതി 22.03.11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. 2024-25 ൽ എല്ലാ അങ്കണവാടികെട്ടിടങ്ങൾക്കും പഞ്ചായത്ത് എ.ഇ. ഫിറ്റ്നസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

9) 2024-25 ൽ ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗുണമേന്മ പരിശോധിക്കാൻ ഗവ. അനലിസ്റ്റ് ലബോറട്ടറിയിൽ (ICDS/PSLA/P2/782/24 Dated-

14/10/2024) നൽകിയെങ്കിലും പരിശോധനാഫലം നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും അറിയിച്ചു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള എല്ലാ നിർദ്ദേശങ്ങളും അങ്കണവാടികളിലും നടപ്പിലാക്കിയെന്ന് നിർവഹണോദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതും ആയതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും, ഭരണസമിതിയും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 ലൈബ്രറി സെസ് ഇനത്തിലെ തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല.

സർക്കുലർ നമ്പർ 10088/എൽ3/05/ത.സ്വ.ഭ.വ തീയതി: 20/09/2005 പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി അടവാക്കേണ്ടതാണ്. ഒന്നാം ഗഡു ഏപ്രിൽ 30 നകവും രണ്ടാം ഗഡു നവംബർ 30നകവും ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. തുക അടവാക്കാത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 13 തീയതി 21/08/2025) തുക ഉടനെ അടവാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. 2023-24 ലെ ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത വിവരം പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല. 2023-24 ലും 2024-25 ലും ലഭ്യമായ തുക ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ഈയിനത്തിലെ തുക ബാലൻസ് ഷീറ്റ് പ്രകാരം 4,45,981/- രൂപ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക കൗൺസിലിൽ ഒടുക്കുവരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്

എല്ലാവർക്കും ഭവനം എന്ന സ്വപ്നം പൂർത്തീകരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിപ്രകാരം ഭവനനിർമ്മാണം പൂർത്തികരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതിന്റെ ഉത്തരവാദിത്തം തദ്ദേശ സ്ഥാപനത്തിനാണ്.

ലൈഫ് ഭവനപദ്ധതിയിൽ കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണവും, പദ്ധതി പ്രകാരം നാളിതുവരെ കരാർ ചമച്ച് തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം തുക കൈപ്പറ്റിയ തിയതി, തുക എന്നിവ സഹിതവും, കരാർ ചമച്ചശേഷം വിവിധ ഘട്ടങ്ങളിൽ പണി പുർത്തീകരിക്കാത്തവരുടെ വിവരവും, അപ്രകാരം കരാർ ചമച്ച് തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്തവർ, വിവിധ ഘട്ടങ്ങളിൽ തുക കൈപ്പറ്റിയശേഷം പണി പൂർത്തിയാക്കാത്തവർ എന്നിവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ 21/8/2025-ൽ നൽകിയ അന്വേഷണകുറിപ്പ് 11/2025-ന് നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ ചുവടെ വിവരിക്കും പ്രകാരം മറുപടി ലഭ്യമാക്കി. ലൈഫ് ഭവനപദ്ധതിയിൽ 245 പേർ കരാർ ചമച്ചുവെന്നും, അതിൽ മഞ്ചുഷ എന്ന ഗുണഭോക്താവ് 7/7/2023-ൽ 40,000/- രൂപ കൈപ്പറ്റിയ ശേഷം നാളിവരെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലായെന്നും അറിയിച്ചു. വി.ഇ.ഒ (East & West) ലഭ്യമാക്കിയ ലിസ്റ്റിൽ 2024 വരെ തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നിർത്തിവച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക, തീയതി | നിലവിലെ സ്ഥിതി |
|---|---|---|
| വിലാസിനി<br>വാർഡ് – 13 | രൂ.40,000/- (31/08/2019)<br>രൂ.1,60,000/- (12/08/2021)<br>രൂ.1,00,000/- (23/07/2021) | ജനൽ മട്ടം |
| സുനിത<br>വാർഡ് – 14 | രൂ.40,000/- (23/07/2021)<br>രൂ.1,17,826/- (31/08/2022)<br>രൂ.42,174/- (31/12/2022) | ബേസ്മെന്റ് |
| സരിത<br>വാർഡ് – 13 | രൂ.40,000/- (03/02/2022)<br>രൂ.1,60,000/- (03/02/2022)<br>രൂ.1,00,000/- (29/06/2024)<br>രൂ.50,000/- (01/08/2024) | റൂഫ് |
| വിജയകുമാരി<br>വാർഡ് – 12 | രൂ.40,000/- (31/12/2025)<br>രൂ.1,60,000/- (28/02/2023)<br>രൂ.10,000/- (26/05/2023)<br>രൂ.50,000/- (29/06/2024) | റൂഫ് |
| ഗിരീഷൻ<br>വാർഡ് – 1 | രൂ.40,000/- (30/03/2023)<br>രൂ.1,60,000/- (02/11/2023)<br>രൂ.1,00,000/- (01/08/2024) | റൂഫ് |
| മഞ്ജുഷ<br>വാർഡ് – 1 | രൂ.40,000/- (07/07/2023) | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| പ്രസാദ്<br>വാർഡ് – 1 | രൂ.40,000/- (09/02/2023)<br>രൂ.1,00,000/- (31/07/2023)<br>രൂ.1,00,000/- (25/03/2024) | റൂഫ് |
| ഡോണിയ<br>വാർഡ് – 13 | രൂ.40,000/- (13/02/2023)<br>രൂ.1,40,000/- (31/07/2023)<br>രൂ.1,20,000/- (15/03/2024) | റൂഫ് |

| | | |
|---|---|---|
| ജോളി ജാസ്മിൻ<br>വാർഡ് – 10 | രൂ.40,000/- (31/03/2023)<br>രൂ.1,40,000/- (07/07/2023)<br>രൂ.1,20,000/- (15/09/2024)<br>രൂ.60,000/- (20/12/2024) | റൂഫ് |
| ശകുന്തള<br>വാർഡ് – 6 | രൂ.40,000/- (31/02/2023)<br>രൂ.1,40,000/- (07/07/2023)<br>രൂ.1,20,000/- (15/09/2023)<br>രൂ.50,000/- (13/09/2024) | റൂഫ് |
| ക്രിസ്റ്റഫർ ജോർജ് | രൂ.40,000/- (26/05/2023)<br>രൂ.1,60,000/- (15/09/2023)<br>രൂ.1,00,000/- (15/03/2024)<br>രൂ.50,000/- (03/07/2024) | റൂഫ് |
| റാണി<br>വാർഡ് – 1 | രൂ.40,000/- (26/05/2023)<br>രൂ.1,60,000/- (15/09/2023)<br>രൂ.1,00,000/- (02/11/2023) | ജനൽ മട്ടം |
| ഷീല<br>വാർഡ് – 1 | രൂ.40,000/- (26/05/2023)<br>രൂ.1,60,000/- (15/09/2023)<br>രൂ.1,00,000/- (08/12/2023) | ജനൽ മട്ടം |
| ഇന്ദിരാ<br>വാർഡ് – 2 | രൂ.40,000/- (26/5/2023)<br>രൂ.1,60,000/- (31/07/2023)<br>രൂ.60,000/- (15/09/2023)<br>രൂ.40,000/- (08/12/2023)<br>രൂ.60,000/- (20/12/2024) | റൂഫ് |
| രാജൻ<br>വാർഡ് – 12 | രൂ.40,000/- (26/05/2023)<br>രൂ.1,60,000/- (31/07/2023) | ബേസ്മെൻ് |
| ഉഷ<br>വാർഡ് – 1 | രൂ.40,000/- (26/05/2023)<br>രൂ.1,60,000/- (31/07/2023)<br>രൂ.60,000/- (15/09/2023)<br>രൂ.40,000/- (08/12/2023)<br>രൂ.60,000/- (21/02/2024) | റൂഫ് |
| വിനിത<br>വാർഡ് – 4 | രൂ.40,000/- (26/05/2023)<br>രൂ.1,60,000/- (31/07/2023)<br>രൂ.1,00,000/- (02/11/2023)<br>രൂ.50,000/- (08/12/2024)<br>രൂ.30,000/- (30/07/2024) | റൂഫ് |
| ഭായി<br>വാർഡ് – 10 | രൂ.40,000/- (04/08/2023)<br>രൂ.1,60,000/- (03/02/2024)<br>രൂ.1,00,000/- (23/03/2024)<br>രൂ.50,000/- (03/07/2024) | റൂഫ് |
| വത്സല<br>വാർഡ് – 14 | രൂ.40,000/- (19/01/2024) | ബേസ്മെൻ് |

ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് കത്ത് അയച്ചിട്ടുണ്ടെന്നും,നിർമ്മാണം നിർത്തിവച്ചവരിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് നടപടി ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി ഭരണസമിതിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.ഭവനങ്ങൾ പൂർത്തീകരിക്കാത്തവരുടെ നിലവിലെ സ്ഥിതി ഭരണസമിതി പരിശോധിക്കേണ്ടതും സഹായങ്ങൾ ആവശ്യമായവർക്ക് സ്പോൺസർഷിപ്പ് വഴി സഹായങ്ങൾ നൽകി ഭവനപൂർത്തീകരണത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. യഥാസമയം ഭവനം പൂർത്തീകരിക്കാമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശസഹിതം തിരികെ അടവാക്കാമെന്നും ഗുണഭോക്താക്കൾ കരാർ പ്രകാരം സമ്മതിച്ചിട്ടുള്ളതിനാൽ ഭരണസമിതിയ്ക്ക് തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 അതിദരിദ്രർക്ക് ഭക്ഷണം നൽകൽ - പദ്ധതി സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയില്ല.

| | |
|---|---|
| പദ്ധതിയുട പേര്,നമ്പർ | അതിദരിദ്രർക്ക് ഭക്ഷണം നൽകൽ, 86/2024-25 |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ (വെസ്റ്റ് സർക്കിൾ) |
| അടങ്കൽ തുക | 1,44,000/- (1,00,000/- പ്ലാൻ ഫണ്ട്, 44,000/- തനത് ഫണ്ട്) |
| ചെലവ് തുക | 69,507/- പ്ലാൻ ഫണ്ട്<br>24,137/- തനത് ഫണ്ട്<br>ആകെ – 93,644/- രൂപ |

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം.84/2022തസ്വഭവ തിയതി 19/04/2022 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ 8.8.3 ൽ 2(Iii) പ്രകാരം അഗതിരഹിതകേരളം (ആശ്രയ) പദ്ധതി പ്രകാരം അർഹതയുള്ള അഗതികൾക്ക് അങ്കണവാടി മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യാവുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. അപ്രകാരം ലക്ഷ്യം കൈവരിക്കുന്നതിനായി അതിദരിദ്രരുടെ സർവ്വേയിലൂടെ കണ്ടെത്തിയ അർഹരായ ഗുണഭോക്താക്കൾക്ക് 3 നേരം ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് 120/- രൂപ നിരക്കിൽ ഒരു ദിവസത്തെ ഭക്ഷണം നൽകുന്നതിന് വേണ്ടി 16/01/2024-ലെ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 1(1) നമ്പർ ശുപാർശയിൽമേൽ 17/01/2024-ലെ ഭരണസമിതിയുടെ 1(1) നമ്പർ ഭരണാനുമതി പ്രകാരം പ്ലാൻഫണ്ടിൽ നിന്നും 1,00,000/- രൂപയും, തനത് ഫണ്ടിൽ നിന്നും 44,000/-രൂപയും ഉൾപ്പെടെ ആകെ 1,44,000/- രൂപ ഉൾപ്പെടെ 86/2024-25 നമ്പർ പദ്ധതിപദ്ധതിയ്ക്ക് 13/06/2024-ലെ 013/KanjiramkulamGP/AS/2 ആയി അംഗീകാരം ലഭിച്ചു. 9/07/2024-ലെ 1(3)നമ്പർ തീരുമാന പ്രകാരം അതിദരിദ്രർക്ക് ഭക്ഷ്യകിറ്റ് നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികയിൽ ഉൾപ്പെട്ട 10 പേർക്ക് ഭക്ഷ്യകിറ്റ് നൽകുന്നതിനും, ടെണ്ടർകൂടാതെ സാധനങ്ങൾ സപ്ലൈകോയിൽ നിന്നും വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും കാണിച്ച് വി.ഇ.ഒ (വെസ്റ്റ്) സമർപ്പിച്ച കത്ത് ഭരണസമിതി അംഗീകരിച്ച് നൽകി. പദ്ധതി പ്രകാരം അർഹതയുള്ള 8 പേർക്ക് സപ്ലൈകോയിൽ നിന്നും കിറ്റുകൾ ലഭ്യമാക്കി നൽകി .പദ്ധതിയിലെ നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

അഗതിരഹിതകേരളം (ആശ്രയ) പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് 3 നേരം ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് 120/- രൂപ നിരക്കിൽ ഒരു ദിവസത്തെ ഭക്ഷണം നൽകുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്ത് അംഗീകാരം നേടിയത്. രോഗം, അപകട കാരണം, കട ബാധ്യത മുതലായ കാരണങ്ങളാൽ കഷ്ടപ്പെടുന്നവർ, അലഞ്ഞുതിരിയുന്നവർ, സ്വന്തമായി ഭക്ഷണം പാകംചെയ്ത് കഴിക്കാൻ സാധിക്കാത്തവർ, 70 വയസ്സിന് മുകളിൽ പ്രായം ഉള്ളവർ മുതലായവർക്കാണ് പദ്ധതി പ്രകാരം ഭക്ഷണം നൽകേണ്ടത്. എന്നാൽ നിർവഹണോദ്യോഗസ്ഥന്റെയും, ഭരണസമിതിയുടെയും തീരുമാനപ്രകാരം ഭക്ഷ്യവസ്തുക്കളും, അല്ലാത്തതുമായ സാധനസാമഗ്രികൾ അടങ്ങുന്ന കിറ്റുകൾ നൽകുക വഴി അംഗീകൃത പദ്ധതി ലക്ഷ്യം കൈവരിക്കാതെ നടപ്പിലാക്കി. സപ്ലൈകോയിലെ ബില്ലുകൾ പരിശോധിച്ചതിൽ കിറ്റുകളിൽ ജയ അരി, പച്ചരി, ജീരകം, സോപ്പ്, തേയിലപ്പൊടി, വെളിച്ചണ്ണ, മുതലായ സാധനങ്ങൾ ഉൾപ്പെടുത്തിയാണ് വിതരണം നടത്തിയതെന്ന് ബോധ്യമായി. അഗതികേരളം പദ്ധതിയ്ക്കായി പദ്ധതി ഗുണഭോക്താക്കളായ എല്ലാപേർക്കും റേഷൻകാർഡുകൾ സ്വന്തമായി ഉള്ളതിനാൽ അരി ഉൾപ്പടെയുള്ള ഭക്ഷണസാധനങ്ങൾ സർക്കാർ നൽകി വരുന്നതിനാലും അരി ഉൾപ്പടെയുള്ള ഭക്ഷണസാധനങ്ങൾ നൽകേണ്ടതില്ലായിരുന്നു.

പദ്ധതിപ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് 3 നേരം ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് 120/- രൂപ നിരക്കിൽ ഒരു ദിവസത്തെ ഭക്ഷണം നൽകുന്നതിന് പകരം ഭക്ഷ്യവസ്തുക്കളും, അല്ലാത്തതുമായ സാധനസാമഗ്രികൾ അടക്കുന്ന കിറ്റുകൾ നൽകിയതിന് മറുപടി ലഭ്യമാക്കാൻ 23/8/2025-ൽ നൽകിയ അന്വേഷണകുറിപ്പ് 29/2025-ന് നൽകിയ മറുപടിയിൽ ഒരാൾ ഒഴികെ മറ്റെല്ലാപേരും മുൻഗണാവിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്നും അവർക്ക് റേഷൻകാർഡിലെ ഓരോ അംഗത്തിനും 4 കിലോ അരിയും, 1 കിലോ ഗോതമ്പും മാത്രമാണ് സൗജന്യമായി റേഷൻ വിഹിതമായി ലഭിക്കുന്നതെന്നും, പാചകം ചെയ്ത ഭക്ഷണം നൽകുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ചും ഭരണസമിതിയുടെ അംഗീകാരത്തോടെ ഭക്ഷ്യവസ്തുക്കൾ അടങ്ങുന്ന കിറ്റ് നൽകാൻ തീരുമാനിച്ചതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുകയെന്നത് പഞ്ചായത്ത് ഭരണസമിതിയുടെ ഉത്തരവാദിത്വമാണ്. തുടർവർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ഔഷധിയിൽ നിന്ന് മരുന്നുകൾ വാങ്ങി.

| | |
|---|---|
| പദ്ധതി നം. | S0028/25 |
| പദ്ധതിയുടെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| അടങ്കൽ | 9,58,000/- |
| ചെലവ് | 9,58,000/- |
| ബിൽ നം. | 154/24.10.2024, Rs. 4,00,000/-<br>155/24.10.2024, Rs. 3,00,000/-<br>324/3.2.2025, Rs. 2,58,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിലെ ആയുർവേദ മർമ്മാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 9,58,000/- രൂപയ്ക്ക് ഔഷധിയിൽ നിന്ന് ആയുർവേദമരുന്നുകൾ വാങ്ങിയിരിക്കുന്നു.

പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/എൽഎസ്ജിഡി തീ. 28/5/20222, ഖണ്ഡിക 7.6.4.1 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങോനോ മരുന്നുകൾക്ക് വേണ്ടി തുക ചെലവഴിക്കാനോ പാടുള്ളതല്ല.

മേൽ പദ്ധതി പ്രകാരം ഔഷധിയിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനായുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/26.08.2025) ഔഷധിയിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷ അയച്ചിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി.

ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിന് ശേഷം മാത്രമെ മരുന്നുകൾ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാൻ പാടുള്ളൂ. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വൗച്ചറുകൾ - ചെലവു രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

ചുവടെ സൂചിപ്പിച്ചിട്ടുള്ള വൗച്ചറുകളുടെ ചെലവു രേഖകൾ ILGMS ൽ അപ് ലോഡ് ചെയ്യിട്ടില്ല. വൗച്ചറുകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം 45 തിയതി 26/08/2025) ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

| വൗച്ചർ നമ്പർ/തീയതി | ഫയൽ നം. | തുക (രൂ.) |
|---|---|---|
| 22401198/31.03.2025 | 1502/2025 | 5,91,200 |
| 22401197/31.03.2025 | 1501/2025 | 1,02,000 |
| 22401193/31.03.2025 | 4146/2024 | 49,937 |
| 22401192/31.03.2025 | 1497/2025 | 1,904 |
| 22401191/31.03.2025 | 1496/2025 | 1,54,892 |
| 22401188/31.03.2025 | 1493/2025 | 10,000 |
| 22401186/31.03.2025 | 1491/2025 | 36,464 |
| | ആകെ | 9,46,397/- |

മേൽ വൗച്ചറുകൾ പ്രകാരമുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കേണ്ടതാണ്. ചെലവു രേഖകൾ ഹാജരാക്കാത്ത പക്ഷം ILGMS ൽ ചെലവ് അംഗീകരിച്ചിട്ടുള്ള നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-26 ഹെൽത്ത് ഗ്രാന്റ് - അവലോകനം.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. 2021-22 മുതൽ 2025-26 കാലയളവിലാണ് ഇപ്രകാരം ഗ്രാന്റ് അനുവദിക്കുന്നത്. കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമാണ് ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്.

കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭ്യമായ തുകയുടെ വിവരങ്ങൾ (ഓഡിറ്റ് എൻക്വയറി നം. 5, വാർഷിക ധനകാര്യ പത്രിക) ചുവടെ ചേർക്കുന്നു.

| **വർഷം** | **ആരോഗ്യ ക്ഷേമം (₹)** | **ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രച്ചർ (₹)** | **ബിൽഡിംഗ്** |
|---|---|---|---|
| 2021-22 | | | |
| 2022-23 | 2,68,154 | 1,36,827 | |
| 2023-24 | 3,39,139 | 7,90,848 | |
| 2024-25 | 5,33,234 | 3,37,472 | |

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (സുലേഖ പ്രകാരം)ചുവടെ ചേർക്കുന്നു.

| **വർഷം** | **ആരോഗ്യ ക്ഷേമം (₹)** | **ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രച്ചർ (₹)** | **ബിൽഡിംഗ്** | **ആകെ ചെലവ് തുക (₹)** |
|---|---|---|---|---|
| **2021-22** | - | - | - | - |
| **2022-23** | 1,35,000 | 1,71,430 | - | 3,06,430 |
| **2023-24** | 2,89,114 | 3,24,517 | - | 6,13,631 |
| **2024-25** | 56,390 | 4,92,607 | - | 5,48,997 |

ബാലൻസ്ഷീറ്റ് പ്രകാരം 2024-25വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (**ഓഡിറ്റ് എൻക്വയറി നം. 5**) ചുവടെ ചേർക്കുന്നു.

| | |
|---|---|
| Scheme 3(KL 278) | ₹4,98,080/- |
| Scheme 4(KL 281) | ₹5,40,200/- |

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരം (സുലേഖ പ്രകാരം) ചുവടെ ചേർക്കുന്നു

| **വർഷം** | **സ്കീം** | **പ്രോജക്ട്** | **ചെലവ് (₹)** |
|---|---|---|---|
| 2022-23 | സ്കീം 3 | 209/23 ആരോഗ്യ സ്ഥാപനങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1,71,430 |
| | സ്കീം 4 | 210/23 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് | 1,35,000 |

| | | | |
|---|---|---|---|
| | | വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | |
| 2023-24 | സ്കീം 3 | 211/24<br>ആരോഗ്യ സ്ഥാപനങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 2,89,114 |
| | സ്കീം 4 | 210/24<br>കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 3,24,517 |
| 2024-25 | സ്കീം 3 | 245/25<br>ആരോഗ്യ സ്ഥാപനങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 11,504 |
| | സ്കീം 3 | 229/25<br>ആരോഗ്യ സ്ഥാപനങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 44,886 |
| | സ്കീം 4 | 244/25<br>കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 90,210 |
| | സ്കീം 4 | 230/25<br>കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 4,02,397 |

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിതിസാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 തെരുവ് വിളക്ക് പരിപാലനം - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 82/2025 |
| പ്രോജക്ട് പേര് | തെരുവ് വിളക്ക് പരിപാലനം |
| അടങ്കൽ | ₹5,78,644/-<br>(1,10,000 – പൊതുവിഭാഗം സാധാരണ വിഹിതം,<br>46,8,644 – ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹4,68,099/- |
| ബിൽ നമ്പർ | 460/23.12.2024 (2,51,099/-), 704/24.03.2025 (2,17,000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരൻ ഹാജരാക്കിയ ഇൻവോയ്സ് നമ്പർ 95, 136 എന്നിവയുടെ കൂടെ ഹാജരാക്കിയ മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ വാർഡ് നമ്പർ 1,2,3,4,9,10 എന്നിവയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇൻവോയ്സ് നമ്പർ 136 ന്റെ കൂടെ 14 ആം വാർഡിലെ മെമ്പറുടെ സാക്ഷ്യപത്രവും സമർപ്പിച്ചിട്ടില്ല.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.09.2011 ലെ 3055/ഡിഎ3/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമാക്കുന്ന പരാതികളുടെ സമയം, തീയ്യതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും സൂക്ഷിക്കേണ്ടതുമാണ്. കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിക്കേണ്ടതും കരാർ വ്യവസ്ഥയ്ക്കനുസൃതമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.ആയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

4. തെരുവുവിളക്കുകളുടെ എണ്ണവും തരവും തിട്ടപ്പെടുത്തുന്നതിനായി സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല.

5. തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബി യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതും അവ സംബന്ധിച്ച് ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. ആയത് പാലിച്ചതായി കാണുന്നില്ല.

6. അറ്റകുറ്റപ്പണികൾ എല്ലാ ബുധനാഴ്ചയും ശേഷിക്കുന്ന ജോലികൾ ശനിയാഴ്ചയും നടത്തേണ്ടതാണെന്ന് സർക്കുലറിൽ പറയുന്നുണ്ട്. ആയത് പാലിച്ചതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 18/25ന്റെ മറുപടിയിൽ വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതാണെന്നും, പരാതി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്നും, സംയുക്ത പരിശോധന സംബന്ധിച്ച് ടെണ്ടർ രേഖകളിൽ വ്യക്തമാക്കിയിട്ടിലെങ്കിലും കെ.എസ്.ഇ.ബി യുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് കരാറുകാരന് നിർദ്ദേശം

നല്കുന്നതാണെന്നും പരാമർശിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കി പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 7,76,820/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഡെപ്പോസിറ്റ് വർക്കുകകൾ IKM വിഹിതം നൽകൽ എന്നിവയിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 249/2025 |
| പ്രോജക്ട് പേര് | ഏട്ടുകുറ്റി - കരുമാരക്കാല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | ₹ 3,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 2,86,900/- |
| ബിൽ നമ്പർ | 510/23.03.2025 |
| തുക കൈപ്പറ്റിയ സ്ഥാപനം | KWA |

| | |
|---|---|
| പ്രോജക്ട് നമ്പർ | 250/2025 |
| പ്രോജക്ട് പേര് | കരുമാരക്കാല – സബ്സെന്റർ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | ₹ 1,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 99,600/- |
| ബിൽ നമ്പർ | 509/23.03.25 |
| തുക കൈപ്പറ്റിയ സ്ഥാപനം | KWA |

| | |
|---|---|
| പ്രോജക്ട് നമ്പർ | 02/2024 |
| പ്രോജക്ട് പേര് | ഐ.കെ.എം. വിഹിതം കൈമാറൽ |
| അടങ്കൽ | ₹ 90,320/- (പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | ₹ 90,320/- |
| ബിൽ നമ്പർ | 208/11.12.2024 |
| തുക കൈപ്പറ്റിയ സ്ഥാപനം | IKM |

| | |
|---|---|
| പ്രോജക്ട് നമ്പർ | 248/25 |
| പ്രോജക്ട് പേര് | ചാണി എസ്. ആർ. ഹോസ്പിറ്റൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | ₹ 3,00,000/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 3,00,000/- |
| ബിൽ നമ്പർ | 469/19.03.2025 |
| തുക കൈപ്പറ്റിയ സ്ഥാപനം | KWA |

മേൽ വിഷയം സംബന്ധിച്ച് നല്കിയ 26/25 ന്റെ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി, IKM എന്നിവിടങ്ങളിൽ കത്ത് നല്കിയിട്ടുള്ളതായി അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് ക്യാഷ് ബുക്ക് പരിപാലിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയർ, ചെലവുകൾ രേഖപ്പെടുത്തുന്നതിന് ക്യാഷ് ബുക്ക് പരിപ്പാലിച്ചിട്ടില്ല. ആയതിന് വിശദീകരണം ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 40/25 ന് മറുപടിയിൽ വരും വർഷങ്ങളിൽ ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചു. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-30 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 6.8(1) ലൂടെ സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആസ്തി സംരക്ഷണ പദ്ധതി എത്രയുംവേഗം തയ്യാറാക്കി

മുൻഗണനാക്രമത്തിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 38/25 ന്റെ മറുപടിയിൽ ആസ്തികളുടെ പുതിയ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപ്പഞ്ചായത്തിന്റെ കൈവശമുള്ള ആസ്തികളുടെ സമ്പൂർണവിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പാലിക്കേണ്ടതും കാലാകാലങ്ങളിൽ പുതുക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-31 ഇ ടെണ്ടർ ഫീ അക്കൗണ്ട് പരിപാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ആരംഭിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലൂടെ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.35/25 ന്റെ മറുപടിയിൽ, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ ഫീ നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അകൗണ്ടിലേക്കാണ് പോകുന്നതെന്നും,പ്രസ്തുത കാര്യാലയത്തിലെ ബാങ്ക്അക്കൗണ്ട് E-Tender Siteമായി ലിങ്ക് ചെയ്യുന്നതിന് Kerala IT Mission-ൽ അപേക്ഷ നല്കിയിട്ടുണ്ടെന്ന് അറിയിച്ചു. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പ്രസ്തുത അക്കൗണ്ട് ആരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 സബ്സിഡി മാർഗ്ഗനിർദ്ദേശം പാലിച്ചില്ല / ചെലവ് രേഖകൾ ഹാജരാക്കിയില്ല - 11,34,299/- രൂപ തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തിക വർഷം ഹെഡ് മിസ്ട്രസ്സ് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**1) പ്രോജക്ടിന്റെ പേര്-എസ് സി.പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കൽ(S053/25)**

| | |
|---|---|
| അടങ്കൽ | ₹ 5,87,600/- (വികസന ഫണ്ട് SCP) |
| ചെലവ് | ₹ 5,58,451/- |
| ബിൽ നമ്പർ | ACR ബിൽ നം. 379/06.03.25, ₹5,21,221/-<br>ACR ബിൽ നം. 485/21.03.25, ₹37,230/- |

**2) പ്രോജക്ടിന്റെ പേര് – എസ്.സി. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കൽ (S0154/25)**

| | |
|---|---|
| അടങ്കൽ | ₹ 6,00,000/- (വികസന ഫണ്ട് SCP) |
| ചെലവ് | ₹ 5,75,848/- |
| ബിൽ നമ്പർ | ACR ബിൽ നം. 32/16.05.24, ₹2,33,448/-<br>ACR ബിൽ നം. 275/26.12.24, ₹ 3,42,400 |

മേൽ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ,സർക്കാർ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ തീയതി 28.5.2022 ഖ7.2.7 പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂയെന്നും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം നല്കിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ക്രമ നമ്പർ (2) പ്രകാരം ചെലവിട്ട 5,75,848/- രൂപയിൽ 2,33,448/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ കാരണങ്ങളാൽ മേൽപ്പറഞ്ഞ ചെലവുകൾ (5,58,451 + 5,75,848) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 37/25 ന്റെ മറുപടിയിൽ മറ്റൊരു തലത്തിൽ നിന്നും ലാപ്പ്ടോപ്പ് ലഭ്യമായിട്ടില്ലായെന്ന്ഉറപ്പ് വരുത്തിയിട്ടാണ് വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയതെന്നും, തുടർന്നുള്ള പദ്ധതി നടത്തിപ്പിൽ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതാണെന്നും പരാമർശിച്ചിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതും പ്രോജക്ട് ക്രമ നമ്പർ (2) പ്രകാരം ചെലവഴിച്ച 2,33,448/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 4,24,631/- രൂപ തടസ്സപ്പെടുത്തുന്നു

1) പ്രോജക്ടിന്റെ പേര്-സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ(S0151/25)

| | |
|---|---|
| അടങ്കൽ | ₹4,00,000/- (വികസന ഫണ്ട് – നോൺറോഡ്) |
| ചെലവ് | ₹4,00,000/- |
| ബിൽ നമ്പർ | ACR ബിൽ നം. 30/16.05.24 ₹3,96,153/-<br>ACR ബിൽ നം. 287/15.01.25 ₹3,847/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്, കാഞ്ഞിരംകുളം |

പ്രസ്തുത പദ്ധതി പ്രകാരം 4,00,000/- ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 3,96,153/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) പ്രോജക്ടിന്റെ പേര്- നെല്ലിക്കാകുഴി യു.പി.എസ്-ന്റെ കണ്ടിജൻസി ചെലവുകൾ (SO)(SO149/25)

| | |
|---|---|
| അടങ്കൽ | ₹29,751/- (വികസന ഫണ്ട് – നോൺറോഡ്) |
| ചെലവ് | ₹29,751/- |

| | |
|---|---|
| ബിൽ നമ്പർ | ACR ബിൽ നം. 31/16.05.24 ₹28478/-<br>ACR ബിൽ നം. 195/02.12.24 ₹1,273/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്, കാഞ്ഞിരംകുളം |

പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 29,751/- രൂപയിൽ 28,478/- രൂപയുടെ ചെലവ് രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 37/25 മറുപടിയിൽ സ്പിൽഓവർ പ്രോജക്ട് ആയതിനാൽ 2023-24 പ്രോജക്ട്ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, ആവശ്യമെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കാവുന്നതാണെന്നും അറിയിച്ചു. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ഘടകസ്ഥാപനങ്ങളുടെ ചെലവുകൾ - അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നെല്ലിക്കാകുഴി യു.പി.എസ്-ന്റെ കണ്ടിജൻസി ചെലവുകൾ (SO64/25) |
| അടങ്കൽ | ₹ 2,03,388/- |
| ചെലവ് | ₹ 2,03,388/- |
| ബിൽ നമ്പർ | ACR ബിൽ നം. 471/19.03.2025 ₹17,676/-<br>ACR ബിൽ നം. 462/17.03.2025 ₹158014<br>ACR ബിൽ നം. 202/07.12.2024 ₹27698/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്. കാഞ്ഞിരംകുളം |

പ്രസ്തുത പദ്ധതി പ്രകാരം 2,03,388/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 1,58,014/- രൂപ വാട്ടർ ചാർജ് അടക്കുന്നതിന് ചെലവഴിച്ചു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വാട്ടർബില്ലിൽ ഭീമമായ കുടിശ്ശിക തുക നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കുടിശ്ശിക വരാനുണ്ടായ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക്, നെല്ലിക്കാകുഴി യു.പി.എസ് ൽ 14.6.24ൽ ചാർജ് എടുത്ത നിലവിലെ എച്ച്.എം, നേരിട്ട് നല്കിയ വിശദീകരണത്തിൽ, 2022-23 കാലയളവ് മുതൽ കുടിശ്ശിക നിലനില്ക്കുന്നതായും, അതത് മാസങ്ങളിലെ വാട്ടർബില്ല് കൃത്യമായും അടവാക്കത്തതിനാലാണ് നിലവിലെ വാട്ടർ ബില്ല് പ്രകാരം ഭീമമായ തുക കുടിശ്ശിക വന്നിട്ടുള്ളതെന്നും അറിയിച്ചു.

ഘടകസ്ഥാപനങ്ങളുടെ അവശ്യ ചെലവുകൾക്ക് തുക വിനിയോഗിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.ആ ഉത്തരവാദിത്തം നിറവേറ്റുന്നതിന് സമയബന്ധിതമായി ആവശ്യ ചെലവുകളുടെ രേഖകൾ പഞ്ചായത്തിന് ലഭ്യമാക്കി, തുക കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് നിർവ്വഹണഉദ്യോഗസ്ഥന്റെ ചുമതലയാണ്. വൈദ്യുതി, വെള്ളക്കരം എന്നിവ സമയബന്ധിതമായി ഒടുക്കാതെ കുടിശ്ശിക വരുത്തി, പിഴപ്പലിശ ഉൾപ്പെടെ അടവാക്കുന്നത്, പൊതുപ്പണത്തിന്റെ പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, പഞ്ചായത്ത് അധികൃതർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 കണ്ടിജൻസി ചെലവുകൾ - അപാകത - 45,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൃഷി ഓഫീസിന് കണ്ടിജൻസി ചെലവുകൾ (SO59/25) |
| അടങ്കൽ | ₹45,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | ₹45,000/- |
| ബിൽ നമ്പർ | ACR ബിൽ നം. 179/17.11.24 ₹45,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

2024-25 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ 'കൃഷി ഓഫീസിന് കണ്ടിജൻസി ചെലവുകൾ' എന്ന പദ്ധതി പ്രകാരം 45,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവിന് ആധാരമായി ഹാജരാക്കിയിരിക്കുന്നത് 75,000/ രൂപയുടെ ഒരു KSEB വൈദ്യുതി ബില്ലാണ്. എന്നാൽ ടി ബില്ലിൽ Bill Number, Consumer Number എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടി അപാകം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 36/25ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ/മറുപടിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ശരിയായ ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 മരാമത്ത് പ്രവൃത്തി - Info Board-കൾ സ്ഥാപിച്ചിട്ടില്ല - 7,321/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | അപാകതകൾ |
|---|---|---|
| 1 | പദ്ധതി - ഹോമിയോ ഡിസിപെൻസറിയെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററാക്കി മാറ്റുന്നത്<br>(പദ്ധതി നം. 189/25) | പ്രസ്തുത പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന Infoboard (Sl. No. 1-OD408808)<br>ഓഡിറ്റിന്റെ ഭാഗമായി 25.08.2025 തീയതിയിൽ |

| | | |
|---|---|---|
| | നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ - ₹4,50,000/- (Urban Agglomeration)<br>ചെലവ് - ₹3,24,325/-<br>ബിൽ നം. - Ch.No. 702054/22.11.24<br>കരാറുകാരൻ - ശ്രീമതി ബീന റാണി | (11.30 Am) നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്താനായില്ല. |
| 2 | പദ്ധതി - മഴവെള്ള സംഭരണി സ്ഥാപിക്കൽ പൊതുസ്ഥലങ്ങളിൽ (പദ്ധതി നം. 176/25)<br>നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ - ₹5,00,000/- (Urban Agglomeration)<br>ചെലവ് - ₹4,47,293/-<br>ബിൽ നം. - Vr. No. 22401142/22.11.24<br>കരാറുകാരൻ - ശ്രീ. കെ. സി. ജയരാജൻ | പ്രസ്തുത പദ്ധതി പ്രകാരം ഗവ. ഹോമിയോ ആശുപത്രിയിലും, ബഡ്സ്കൂളിലും സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന Infoboard (OD63063-75*60) ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ (25.8.25, 11.30am) കണ്ടെത്താനായില്ല. ഗവ. ഹോമിയോ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണി നിലവിൽ ഉപയുക്തമാക്കാത്ത രീതിയിലാണ് കണ്ടത്. കൂടാതെ ബഡ്സ്കൂളിൽ 4 സ്റ്റീൽ ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. പരിശോധനയിൽ 2 പ്ലാസ്റ്റിക്ക് ടാപ്പുകളാണ് കണ്ടത്. |
| 3 | പദ്ധതി - മഴവെള്ള സംഭരണി സ്ഥാപിക്കൽ 2022-23 (പദ്ധതി നം. 206/25)<br>നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ - ₹10,00,000/- (Urban Agglomeration)<br>ചെലവ് - ₹8,83,142/-<br>ബിൽ നം. - Ch.No. 288043/27.3.25<br>കരാറുകാരൻ - ശ്രീ. കെ. സി. ജയരാജൻ | പ്രസ്തുത പദ്ധതി പ്രകാരം KNM College ലാണ് പ്രവൃത്തി നടപ്പിലാക്കിയത്. മഴവെള്ള സംഭരണിയിൽ നിന്നും ജലം ലഭ്യമാക്കുന്നതിന് 20 Steel Tap (OD93236) സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പരിശോധനയിൽ (23.8.25, 2.30pm) Plastic ടാപ്പുകളാണ് കണ്ടത്. |

മേൽ പദ്ധതികളിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ ചൂണ്ടികാണിച്ച് നല്കിയ പരിശോധന റിപ്പോർട്ട് അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. മേൽ പദ്ധതികളിൽ -ക്രമ നമ്പർ 1, 2 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന Infoboard സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 7321/- രൂപ (Infoboard ഒന്നിന് 2440.47 രൂപ നിരക്കിൽ 3 Infoboard കൾക്ക് 3*2440.47= 7,321.41/- രൂപ) നിരാകരിക്കുന്നു. കൂടാതെ Buds School, KNM College എന്നിവിടങ്ങളിൽ സ്ഥാപിച്ചട്ടുള്ള Plastic Tap -കൾ മാറ്റി Steel Tap കൾ സ്ഥാപിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരാമത്ത് പ്രവൃത്തി - Info Board-കൾ സ്ഥാപിച്ചിട്ടില്ല - 7,321/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | അപാകതകൾ |
|---|---|---|
| 1 | പദ്ധതി - ഹോമിയോ ഡിസിപെൻസറിയെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററാക്കി മാറ്റുന്നത് (പദ്ധതി നം. 189/25)<br>നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ - ₹4,50,000/- (Urban Agglomeration)<br>ചെലവ് - ₹3,24,325/- | പ്രസ്തുത പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന Infoboard (Sl. No. 1-OD408808) ഓഡിറ്റിന്റെ ഭാഗമായി 25.08.2025 തീയതിയിൽ (11.30 Am) നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്താനായില്ല. |

| | | |
|---|---|---|
| | ബിൽ നം. - Ch.No. 702054/22.11.24<br>കരാറുകാരൻ - ശ്രീമതി ബീന റാണി | |
| 2 | പദ്ധതി - മഴവെള്ള സംഭരണി സ്ഥാപിക്കൽ പൊതുസ്ഥലങ്ങളിൽ (പദ്ധതി നം. 176/25)<br>നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ - ₹5,00,000/- (Urban Agglomeration)<br>ചെലവ് - ₹4,47,293/-<br>ബിൽ നം. - Vr. No. 22401142/22.11.24<br>കരാറുകാരൻ - ശ്രീ. കെ. സി. ജയരാജൻ | പ്രസ്തുത പദ്ധതി പ്രകാരം ഗവ. ഹോമിയോ ആശുപത്രിയിലും, ബഡ്സ്കൂളിലും സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന Infoboard (OD63063-75*60) ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ (25.8.25, 11.30am) കണ്ടെത്താനായില്ല. ഗവ. ഹോമിയോ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണി നിലവിൽ ഉപയുക്തമാക്കാത്ത രീതിയിലാണ് കണ്ടത്. കൂടാതെ ബഡ്സ്കൂളിൽ 4 സ്റ്റീൽ ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. പരിശോധനയിൽ 2 പ്ലാസ്റ്റിക് ടാപ്പുകളാണ് കണ്ടത്. |
| 3 | പദ്ധതി - മഴവെള്ള സംഭരണി സ്ഥാപിക്കൽ 2022-23 (പദ്ധതി നം. 206/25)<br>നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ - ₹10,00,000/- (Urban Agglomeration)<br>ചെലവ് - ₹8,83,142/-<br>ബിൽ നം. - Ch.No. 288043/27.3.25<br>കരാറുകാരൻ - ശ്രീ. കെ. സി. ജയരാജൻ | പ്രസ്തുത പദ്ധതി പ്രകാരം KNM College ലാണ് പ്രവൃത്തി നടപ്പിലാക്കിയത്. മഴവെള്ള സംഭരണിയിൽ നിന്നും ജലം ലഭ്യമാക്കുന്നതിന് 20 Steel Tap (OD93236) സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പരിശോധനയിൽ (23.8.25, 2.30pm) Plastic ടാപ്പുകളാണ് കണ്ടത്. |

മേൽ പദ്ധതികളിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ ചൂണ്ടികാണിച്ച് നല്കിയ പരിശോധന റിപ്പോർട്ട് അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. മേൽ പദ്ധതികളിൽ -ക്രമ നമ്പർ 1, 2 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന Infoboard സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 7,321/- രൂപ (Infoboard ഒന്നിന് 2,440.47 രൂപ നിരക്കിൽ 3 Infoboard കൾക്ക് 3*2440.47= 7,321.41/- രൂപ) നിരാകരിക്കുന്നു. കൂടാതെ Buds School, KNM College എന്നിവിടങ്ങളിൽ സ്ഥാപിച്ചട്ടുള്ള Plastic Tap -കൾ മാറ്റി Steel Tap കൾ സ്ഥാപിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 15 | 90,000 | 90,000 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ. ജീവനക്കാരുടെ എണ്ണം വിവിധ മാസങ്ങളിൽ വ്യത്യസ്തമാണ് (15/14//17)

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ആരും തന്നെ നിലവിൽ പഞ്ചായത്തിൽ ഇല്ല.

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ആരും തന്നെ നിലവിൽ പഞ്ചായത്തിൽ ഇല്ല.

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| 1 | 22/03/2025 | 500 | 500 | 0 | 0 |

## 4-2 സംയുക്ത പ്രോജക്ട് -ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് ₹ | തൻ വർഷം ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്** | 0 | 4,48,875 | 14/25 സ്നേഹസ്പർശം – ഭിന്നശേഷി സ്കോളർഷിപ്പ് | 4,48,875 | 0 |
| | | **1,76,855** | **12/25 ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി** | **1,76,855** | |
| **ആകെ** | **0** | 6,25,730 | | 6,25,730 | **0** |
| **ജില്ലാ പഞ്ചായത്ത്** | 0 | 35,000 | 63/25 ഹരിത ഭവനം | 35,000 | 0 |
| | | 2,10,000 | 50/25 ലൈഫ് ഭവന നിർമ്മാണം - ജനറൽ | 2,10,000 | |
| | | 4,48,875 | 14/25 സ്നേഹസ്പർശം -ഭിന്നശേഷി സ്കോളർഷിപ്പ് | 4,48,875 | |
| | | 2,00,000 | 12/25 ക്ഷീരസമൃദ്ധി | 2,00,000 | |
| **ആകെ** | **0** | **8,93,875** | | **8,93,875** | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി ₹ | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ബാക്കി തുക ₹ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 33,86,815 | 0 | 0 | 0 | 0 | 0 | 33,86,815 |
| കേരള വാട്ടർ അതോറിറ്റി | 47,09,358 | 250/25 കരമരംകാല സബ്സെന്റർ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 99,600 | 0 | 0 | 0 | 53,95,858 |
| | | 249/25 എട്ടുക്കുറ്റി കരുമരംകാല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2,86,900 | 0 | 0 | 0 | |
| | | 248/25 ചാണി എസ്.ആർ ഹോസ്പിറ്റൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,00,000 | 0 | 0 | 0 | |
| | 47,09,358 | | 6,86,500 | | | | |
| പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റ് | 5,50,000 | 0 | 0 | 0 | 0 | 0 | 5,50,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| 31/03/02024 ൽ തിരിച്ചടയ്ക്കാൻ | തൻ വർഷത്തെ | ആകെ തുക | സർക്കാർ ഉത്തവു പ്രകാരം | AFS പ്രകാരം (B-5 ഷെഡ്യൂൾ) തിരിച്ചടയ്ക്കാൻ |
|---|---|---|---|---|

| അവശേഷിച്ച തുക B-5 ഷെഡ്യൂൾ 2023-24 പ്രകാരം | വായ്പ തുക RP-31 | | തൻവർഷത്തെ തിരിച്ചടവ് | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ₹ 3,36,61,247 | ₹ 34,54,419 | ₹3,71,15,666 | ₹ 29,87,225 | ₹ 3,41,28,441 |

ലോൺ രജിസ്റ്ററിൽ തൻ വർഷത്തെ വായ്പ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേയ്മെന്റ് വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സെക്രട്ടറി വായ്പ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

– ഇല്ല –

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

– ഇല്ല –

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | ₹ 2,18,23,974/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 4,45,44,328/- |
| ആകെ | ₹ 6,63,68,302/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 426,38,593/- |
| നീക്കിയിരിപ്പ് | ₹ 2,37,29,709/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 7,321/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **₹ 33,27,147/-** |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹ 7,321/- | ശ്രീ സൂരജ്, അസി. എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 9,46,397 | ശ്രീ. അപ്സരകുമാർ വി.കെ, സെക്രട്ടറി |
| 1-28 | 7,76,820 | ശ്രീ. അപ്സരകുമാർ വി.കെ, സെക്രട്ടറി |
| 1-32 | 11,34,299 | ശ്രീമതി ജെന്നിഫർ ജെ.സി. സെയ്ന, എച്ച്.എം, ഗവ. എൽ.പി.എസ്, കാഞ്ഞിരംകുളം |
| 1-33 | 4,24,631 | ശ്രീമതി ജെന്നിഫർ ജെ.സി. സെയ്ന, എച്ച്.എം, ഗവ. എൽ.പി.എസ്, കാഞ്ഞിരംകുളം |
| 1-35 | 45,000 | ശ്രീമതി പ്രീത, കൃഷി ഓഫീസർ |
| **ആകെ** | **33,27,147** | |

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. അപ്സരകുമാർ വി. കെ, സെക്രട്ടറി | സെക്രട്ടറി കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് | അപ്സര ഭവൻ, കമുകിൻകോട്, ഫോൺ- 9496040643 |
| | | | |

| | | | |
|---|---|---|---|
| 2 | ശ്രീമതി ജെന്നിഫർ ജെ.സി.<br>സെയ്ന, എച്ച്.എം | എച്ച്.എം.,<br>ഗവ.എൽ.പി.എസ്.,<br>കാഞ്ഞിരംകുളം | ജിനോഭവൻ,<br>കാഞ്ഞിരംകുളം പി.ഒ.<br>ഫോൺ-9074106425 |
| 3 | ശ്രീമതി പ്രീത,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കാഞ്ഞിരംകുളം<br>ഗ്രാമപഞ്ചായത്ത് | വാറുതട്ട്, കടയാറവീട്,<br>കണ്ണറവിള, നെല്ലിമൂട്,<br>ഫോൺ-9496303179 |
| 4 | ശ്രീ. സൂരജ്,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>കാഞ്ഞിരംകുളം<br>ഗ്രാമപഞ്ചായത്ത് | ഇന്ദീവാരം, MGRA 48, TC 85/189,<br>പാൽകുളങ്ങര പി.ഒ – 695024,<br>ഫോൺ- 9605788202 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി. 20.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി. 20.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി. 20.10.2022 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി. 20.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി. 20.10.2022 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി. 20.10.2022 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി. 20.10.2022 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി. 20.10.2022 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2591/2018, തീയതി. 16.02.2019 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/39/2020, തീയതി. 02.06.2020 | 44 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1521 (എ)/2021, തീയതി. 01.02.2022 | 21 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1521/2021, തീയതി. 08.02.2022 | 30 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/370/2023, തീയതി. 27.02.2024 | 25 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1685/2023, തീയതി. 22.03.2024 | 63 |
| 2023-24 | കെ.എസ്.എ.റ്റി.വി.എം/ജിപി.3/1301/2024, തീയതി. 01.10.2024 | 27 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 03-06-2025 and submitted on 02-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kanjiramkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kanjiramkulam Grama Panchayat as on 31-03-2025

**Date: 02/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kanjiramkulam Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. The mandatory financial statements prescribed in accounting rules are not submitted for audit (eg.ratios, notes on account.)

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.
3. The valuation of stocks and stores has not been verified and recorded at the end of the financial year and in the B-14 Schedule of Balance Sheet under Stock in hand (inventories).
4. Non disclosure of expenses due- outstanding expenses such as honorarium for members, fuel expenses due in the current financial year are not included in balance sheet as provision of expenses due (B-9).
5. No monthly demand is being raised for revenue items such as property tax and profession tax.

6. Depreciation provided for the following mentioned asset exceeds its asset value.

| item | Asset value as per (B-11(e) schedule | Depreciation as per B-11(a) schedule |
|---|---|---|
| Vehicle | 18,09,110 | 62,29,647 |

7) Advance Register, Loan Register and EMD Register are not maintained and hence the figures pertaining to Advances, Loan and EMD shown in the AFS could not be verified in audit.

8) The amount in the balance sheet B-4 and those in the B-17 do not match with each other.

| item | Closing balance as per | Closing balance as per B-17 | difference |
|---|---|---|---|

| | B-4 schedule | schedule & bank statement | |
|---|---|---|---|
| CFC grant | 53,21,164 | 53,28,072 | 6,908 |
| Health grant diagonostic & Infrastructure | 4,98,080 | 4,07,870 | 90,210 |
| Health grant conversion PHCs & Subcentres in to health & Wellness Centres | 5,40,200 | 5,28,696 | 11,504 |

9) Account balance and bank account number of the following accounts as shown in the AFS do not match with the bank statement.

| name of Account | As per bank statement | | As per AFS | |
|---|---|---|---|---|
| | Account No | Closing balance | Account No | Closing balance |
| DCB Literacy | 104112804000072 | 27,476 | 020161201200007 | 26,973 |
| DCB own fund | 104112804000019 | 23,838 | 20161201200001 | 23 |

10) Monthly Reconciliation of bank statement with bankbook has not been made for the following accounts.

a) Distress relief fund account (Ac/No 12140100247923)

b) SBI Life Account (40913910540)

c) General Purpose Fund Treasury Account

11) As per SBI ownt Fund (Ac/No. 33739934186) Reconciliation (3/2025) statement the Cheque received as per below mentioned receipts have not been encashed till date.

| Receipt no | Date | Amount |
|---|---|---|
| 1240100248 | 22/4/2025 | 3,258 |
| 1240100355 | 2/05/2024 | 10,000 |

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്